# MY LORD, MY GOD

***Bulletin Irinjalakuda Diocese***

*P.B. No. 59, Irinjalakuda-680121*

*Phone : 2826830, 2826820*

*Website : www.irinjalakudadiocese.com*

*Book : 32 Volume : 11*

***November 2011***


## ഉള്ളടക്കം


1. ഇടയശബ്ദം ........ 02
2. കച്ചേരിക്കാര്യങ്ങൾ ........ 04
3 മാർപാപ്പയുടെ മാധ്യമദിന സന്ദേശം 2011........ 06
4 പാസ്റ്ററൽ കൗൺസിൽ ........ 11
5 മേജർ ആർച്ചുബിഷപ്പിന്റെ സർക്കുലർ ........ 12
6 ബ്ലസ് എ ഹോം ........ 18
7 മതബോധനം ........ 20
8 ബൈബിൾ അപ്പസ്തോലേറ്റ് ........ 20
9 കൊടുങ്ങല്ലൂർ റിസർച്ച് അക്കാദമി ........ 22
10 ചെന്നൈ മിഷൻ ........ 24
11 സോഷ്യൽ ആക്ഷൻ ........ 25
12 സഭാവാർത്തകൾ ........ 28
**13 സംഘടനാവാർത്തകൾ**
സി.എൽ.എ. ........ 30
സെന്റ് പോൾസ് മൈനർ സെമിനാരി ........ 31
ബി.എൽ.എം. ........ 32
അവാർഡ് ........ 33
സ്പിരിച്ചാലിറ്റി സെന്റർ ........ 35
നവചൈതന്യ ........ 36
തിരുബാലസഖ്യം ........ 37
കരിസ്മാറ്റിക് മൂവ്മെന്റ് ........ 38
പാക്സ് ........ 38
ഫ്രാൻസിസ്കൻ അസ്സോസിയേഷൻ ........ 39
അൾത്താര ബാലസംഘം ........ 39
വൊക്കേഷൻ ബ്യൂറോ ........ 40
സാൻജോ സദൻ ........ 40
14 ഇടയന്റെ നാളെകൾ ........ 41
15 ഇടയന്റെ ഇന്നലെകൾ ........ 42

# ഇടയശബ്ദം



പ്രിയ സഹോദരവൈദിക സുഹൃത്തുക്കളെ, സ്നേഹ സമർപ്പിതരെ, വാത്സല്യ സഹോദരീസഹോദരൻമാരെ,

തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി നമുക്ക് കർത്താവിന് ശുശ്രൂഷ ചെയ്യാം. ബോബി ജോസ് കപ്പൂച്ചിന്റെ ഒരു ലേഖനം കഴിഞ്ഞ ദിവസം വായിച്ചു. പ്രസ്തുത ലേഖനത്തിൽ ജിദു കൃഷ്ണമൂർത്തിയുടെ ഒരു പ്രസ്താവന ഉദ്ധരിച്ചിട്ടുണ്ട്. “മതാത്മക ജീവിതം അതിൽത്തന്നെ പലപ്പോഴും ആത്മീയ ജീവിതമാകണമെന്നില്ല” ഈ പ്രസ്താവന നമ്മെ ഏറെ ചിന്തിപ്പിക്കുന്നതാണ്. കാരണം, മതാത്മകജീവിതവും ആത്മീയ ജീവിതവും പര്യായപദങ്ങളായിട്ടാണ് നാം കരുതിയിരുന്നത്. എന്നാൽ ഈ പ്രസ്താവനയിൽ ഒരു പരിധിവരെ സത്യം ഉണ്ടെന്ന് നമുക്കു ബോധ്യപ്പെടും. മതാത്മക ജീവിതം നയിക്കുന്നവരിൽ ചിലരുടെ വൈരുദ്ധ്യാത്മകമായ ജീവിത ശൈലിയും പ്രതികരണങ്ങളും ഈ നിരീക്ഷണത്തിന് കാരണമായിട്ടുണ്ട്.

എന്നാൽ അതിലുപരി തിരുവചനങ്ങൾ ഈ നിരീക്ഷണത്തിന് വളരെ വ്യക്തമായ തെളിവുകൾ നൽകുന്നുണ്ട്. മതാനുഷ്ഠാനത്തിന്റെ ഭാഗമാണ് കൈ കഴുകിയിട്ടുമാത്രമെ ഭക്ഷണം കഴിക്കാവൂ എന്ന യഹൂദ പാരമ്പര്യം. ഈ പാരമ്പര്യം ശിഷ്യന്മാർ ലംഘിച്ചുവെന്ന് ജറുസലെമിലെ ചില ഫരിസേയർ ഈശോയോട് പരാതിപ്പെട്ടു. തദവസരത്തിൽ പരാതിപ്പെട്ടവരുടെ ആത്മീയ ജീവിതത്തിന്റെ വൈരുദ്ധ്യത്തിലേക്ക് വെളിച്ചം വീശുന്ന ചില പരാമർശനങ്ങൾ ഈശോ നടത്തുന്നു. മതാനുഷ്ഠാനത്തിന്റെ പേരിൽ എന്തുകൊണ്ടാണ് സഹോദരങ്ങൾക്ക് നന്മ നിഷേധിക്കുന്നത്? ദേവാലയത്തിൽ വഴിപാടു നൽകിയാൽ തങ്ങളുടെ നിരാശ്രയരായ മാതാപിതാക്കളെ സംരക്ഷിക്കേണ്ടതില്ല എന്ന മനോഭാവം ആത്മീയതയുടെ അഭാവമാണ്.

അതുപോലെ ഈശോ പറയുന്ന മറ്റൊരു ഉദാഹരണമുണ്ട്, ഒരു വനെ മതത്തിൽ ചേർക്കാൻ കരയും കടലും ചുറ്റിസഞ്ചരിക്കുന്നു. ചേർന്നു കഴിഞ്ഞാൽ അവനെ അവഗണിക്കുന്നു. തുളസി, ചതകുപ്പ, ജീരകം എന്നിവയുടെ ദശാംശം കൃത്യമായി നൽകുന്നവർ നീതി, കാരുണ്യം, വിശ്വസ്തത എന്നിവ അവഗണിക്കുന്നു. അനുഷ്ഠാനത്തിന്റെ ഭാഗമായി പാനപാത്രത്തിന്റെയും ഭക്ഷണ പാത്രത്തിന്റേയും പുറമെ വെടിപ്പാക്കുന്നവർ സ്വന്തം ഹൃദയം വെടിപ്പാക്കാൻ മറന്നു പോകുന്നു. തന്മൂലം ഉള്ളാകട്ടെ കവർച്ചയും ആർത്തിയുംകൊണ്ട് നിറഞ്ഞിരിക്കുന്നു. ഈ അന്തരം ഉന്മൂലനം ചെയ്യാനാണ് യേശു തന്റെ ജീവിതത്തിലൂടെയും പ്രബോധനത്തിലൂടെയും നിഷ്ക്കർഷിച്ചത്. നമുക്കും നമ്മുടെ ജീവിതത്തിൽ ഈ അന്തരം ഉന്മൂലനം ചെയ്യണ്ടേ? ആത്മാർത്ഥത പുലർത്തിയാൽ ശോഭനമായ ഒരു ഭാവി നമുക്കുണ്ടാകും; സമാധാന പൂർണ്ണമായ ഒരു ജീവിതം നമുക്കു നയിക്കാനാകും.

മതാനുഷ്ഠാനത്തിന്റെ ഭാഗമായി നാം ചൊല്ലുന്ന പ്രാർത്ഥനകൾ ഉള്ളുരുകിയുരുന്ന സ്നേഹഗീതങ്ങളാകണം. നാം പറയുന്ന വാക്കുകൾക്ക് ആത്മാർത്ഥതയുടെ ശൈലിയ ുണ്ടാകണം. നമ്മുടെ ചലനങ്ങൾക്ക് നിഷ്ക്കളങ്കതയുടെ രുചിയുണ്ടാകണം. നമ്മുടെ വ്രതങ്ങൾക്ക് വിശ്വസ്തതയുടെ കാർക്കശ്യമുണ്ടാകണം. നമ്മുടെ സേവനങ്ങളിൽ അപരനെ വലുതാക്കാൻ തക്കവിധം സ്വയം ചെറുതാകാനുള്ള മനോധൈര്യം ഉണ്ടാകണം.

പൂർവ്വികരെ അനുസ്മരിക്കുകയും ദൈവിക കാരുണ്യം അവരുടെമേൽ ചൊരിയുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്ന ഈ നവംബർ മാസത്തിൽ അവർ കൈമാറിയ വിശ്വാസം ഉജ്ജ്വലിപ്പിക്കുവാൻ നമുക്ക് പരിശ്രമിക്കാം; കൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം. തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിന് ശുശ്രൂഷ ചെയ്യാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ഇരിങ്ങാലക്കുട
24. 10. 2011

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപതമെത്രാൻ

# കച്ചേരിക്കാര്യങ്ങൾ

1. **സകല വിശുദ്ധരുടെയും തിരുനാൾ : നവംബർ 1**
   വിശുദ്ധരുടെ കൂട്ടായ്മയിൽ വിശ്വസിക്കുന്ന നമുക്ക്, സകല വിശുദ്ധരുടെയും തിരുന്നാൾ ദിവസം വി. ബലിയിൽ സംബന്ധിച്ച് ദൈവാനുഗ്രഹം നേടാം.

2. **സകല മരിച്ചവരുടെ അനുസ്മരണം : നവംബർ 2**
   മരണംമൂലം നമ്മളിൽനിന്ന് വേർപെട്ടു പോയവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം. സ്വർഗ്ഗോന്മുഖരായി ജീവിക്കുവാൻ മരണചിന്ത നമ്മെ പ്രാപ്തരാക്കട്ടെ

3. **വൈദിക വിശുദ്ധീകരണദിനം : നവംബർ 3**
   നവംബർ 3-ാം തിയ്യതി വ്യാഴാഴ്ച മൈനർ സെമിനാരിയിൽവെച്ച് 10 മണിക്ക് പരിപാടികൾ ആരംഭിക്കും. എല്ലാ വൈദികരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

4. **മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിന്റെ ചരമദിനം (1973) നവംബർ 6**
   പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം.

5. **മാസധ്യാനം :** ഡിസംബർ മാസത്തെ മാസധ്യാനം 7-ാം തിയ്യതി ബുധനാഴ്ച കാലത്ത് 10 മണിക്ക് രൂപതാഭവനത്തിൽ ആരംഭിക്കും. ഉച്ചകഴിഞ്ഞ് പ്രസ്ബിറ്റേറിയം ഉണ്ടായിരിക്കുന്നതാണ്.

6. **സമ്പർക്ക മാധ്യമദിനം : നവംബർ 20 ഞായർ**
   ആശയവിനിമയ രംഗത്ത് മാധ്യമങ്ങൾ ജനങ്ങളിൽ ചെലുത്തുന്ന സ്വാധീനം വളരെ വലുതാണ്. മനുഷ്യനിലെ തിന്മകളെ ശക്തിപ്പെടുത്തുന്ന മാധ്യമ സംസ്ക്കാരത്തിന് പ്രതിവിധിയായി പുതിയ മാധ്യമങ്ങൾ ലോക സേവനത്തിന് എങ്ങനെ ഉപകാരപ്പെടുത്താമെന്ന് ജനങ്ങളെ ബോധവാന്മാരാക്കണം. അന്നേദിവസം പ്രത്യേക പിരിവെടുത്ത് രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുമല്ലോ.

7. **രാജത്വതിരുനാൾ : നവംബർ 20 ഞായർ**
   നമ്മുടെ ജീവിതത്തിന്റെയും കുടുംബങ്ങളുടെയും രാജാവായി യേശുവിനെ അംഗീകരിച്ച് നമ്മെ സമർപ്പിക്കാം.

8. **മാർതോമാശ്ലീഹായുടെ ഭാരതപ്രവേശനദിനം : നവംബർ 21**
   മാർ തോമാശ്ലീഹ ഭാരതമണ്ണിൽ, നമ്മുടെ രൂപതയിൽ, കാലുകുത്തിയതിന്റെ ഓർമ്മ ആചരിക്കുന്ന ഈ ദിനം മാർതോമാ ചൈതന്യം ഉൾക്കൊണ്ട് വിശുദ്ധരായ സഭാമക്കളായി ജീവിക്കാൻ നമുക്ക് പ്രത്യേകം

പ്രാർത്ഥിക്കാം. ഈ ചരിത്രസംഭവത്തിന്റെ അനുസ്മരണത്തോടനുബന്ധിച്ച് നവംബർ മാസം 19-ാം തിയ്യതി കൊടുങ്ങല്ലൂർ സെന്റ് മേരീസ് പള്ളിയിലെ സെന്റ് തോമസ് സ്ക്വയറിൽ വച്ച് കൊടുങ്ങല്ലൂർ റിസർച്ച് അക്കാദമി ഫോർ മാർ തോമാ ഹെറിറ്റേജിന്റെ (KRAMTH) ആഭിമുഖ്യത്തിൽ അഖില കേരള ചരിത്രസെമിനാർ സംഘടിപ്പിച്ചിട്ടുണ്ട്. ഏവരെയും സ്വാഗതം ചെയ്യുന്നു.

**9. മംഗളവാർത്താകാലം : നവംബർ 27.**

നവംബർ 27ന് മംഗളവാർത്താകാലം ആരംഭിക്കുന്നു. ഡിസംബർ 1 മുതൽ 24 ഉൾപ്പെടെയുള്ള നോമ്പ് ദിവസങ്ങളിൽ വിവാഹാഘോഷങ്ങൾക്ക് മുടക്ക്.

**10. പാസ്റ്ററൽ കൗൺസിൽ : ഡിസംബർ 10.**

12-ാം പാസ്റ്ററൽ കൗൺസിലിന്റെ 3-ാം സമ്മേളനം ഡിസംബർ 10-ാം തിയ്യതി ശനിയാഴ്ച രാവിലെ 10 മണിക്ക് ബിഷപ്പ്സ് ഹൗസിൽ ആരംഭിക്കുന്നു. എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും ഇതിൽ പങ്കെടുക്കേണ്ടതാണ്.

**രൂപതാകാര്യാലയം** **മോൺ. ജോസ് ഇരിമ്പൻ**
20. 10. 2011 വികാരി ജനറാൾ


## ജീസസ് ട്രെയിനിങ്ങ് കോളേജ്, മാള
## Central Teacher Eligibility Test Coaching Classes

കേന്ദ്ര വിദ്യാഭ്യാസ അവകാശനിയമം നിലവിൽ വന്നതോടെ പുതിയ മാനദണ്ഡങ്ങൾ അനുസരിച്ച് ടി.ടി.സി., ബി.എഡ്. എന്നീ കോഴ്സുകൾ പാസ്സായവർ അദ്ധ്യാപക തസ്തികയിലേക്ക് അപേക്ഷിക്കുന്നതിന് സെൻട്രൽ ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് (CTET) പാസ്സാകേണ്ടതുണ്ട്. കേരളസർക്കാരും പുതിയ നിയമനങ്ങളിൽ ഇത് അവശ്യ യോഗ്യതയായി പരിഗണിക്കുന്നു. അതുകൊണ്ട് അദ്ധ്യാപകാർത്ഥികളെ സഹായിക്കാൻ മാള ജീസസ് ട്രെയിനിങ്ങ് കോളേജിൽ TET കോച്ചിംഗ് ക്ലാസ്സുകൾ ആരംഭിക്കുകയാണ്. താല്പര്യമുള്ളവർ 2011 ഡിസംബർ 10-ന് മുൻപ് പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് 0480-2891245, 9946245845
Website : www.jesustrainingcollegemala
E-mail : jtcmala@rediffmail.com

- പ്രിൻസിപ്പാൾ

# മാധ്യമദിന സന്ദേശം 2011

## 45-ാമത് ലോകസമ്പർക്ക മാധ്യമദിനത്തോടനുബന്ധിച്ച് ബെനഡിക്റ്റ് 16-ാമൻ മാർപാപ്പാ നല്കുന്ന സന്ദേശം

(മാധ്യമദിനം: 13. 11. 2011, ഞായറാഴ്ച)

"സത്യവും പ്രഘോഷണവും ജീവിതത്തിന്റെ ആധികാരികതയും ഡിജിറ്റൽ യുഗത്തിൽ"

*(TRUTH, PROCLAMATION AND THE AUTHENTICITY OF LIFE IN THE DIGITAL AGE)*

ഈ യുഗത്തിന്റെ ആശ്ചര്യകരമായ പ്രതിഭാസമായി മാധ്യമ ലോകത്ത് ഇന്റർനെറ്റ് അതിന്റെ സാമൂഹിക വിനിമയശൃംഖല തുറന്നതോടെയുണ്ടായ അഭൂതപൂർവമായ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. വ്യവസായവിപ്ലവം ഉത്പാദനത്തിലും തൊഴിലാളികളുടെ ജീവിതചര്യയിലും ആഴമായ മാറ്റങ്ങൾ വരുത്തിയതുപോലെ, ആശയവിനിമയലോകത്തുണ്ടായിക്കൊണ്ടിരിക്കുന്ന വിപ്ലവകരമായ മാറ്റങ്ങൾ ഇന്നത്തെ ലോകത്ത് സാംസ്കാരികവും സാമൂഹികവുമായി പ്രകടമായ പുരോഗതിക്ക് വഴിതെളിയിക്കുന്നുണ്ട് എന്നതു പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. ആശയവിനിമയരീതികളിൽ പുതിയ സാങ്കേതികത മാറ്റംവരുത്തുക മാത്രമല്ല, ആശയവിനിമയത്തെ പാടേ മാറ്റിമറിക്കുന്നതുകൊണ്ട് മനുഷ്യൻ അതിവിപുലമായ ഒരു സാംസ്കാരിക പരിവർത്തനത്തിന്റെ യുഗസന്ധിയിലാണ് ജീവിക്കുന്നത്. വിവരസാങ്കേതികതയുടെ ഈ വിന്യാസം ആഗോളതലത്തിൽ പുതിയ അറിവിനും ചിന്താധാരകൾക്കും വഴിതുറക്കുകയും പണ്ടൊരിക്കലുമില്ലാത്ത തരത്തിലുള്ള ബന്ധങ്ങൾ രൂപീകരിക്കുന്നതിനും കൂട്ടായ്മ വളർത്തുന്നതിനും വേദിയൊരുക്കുകയും ചെയ്യുന്നു.

മാധ്യമങ്ങൾ തുറക്കുന്ന പുതിയ സാദ്ധ്യതകൾ നമ്മെ ആശ്ചര്യപ്പെടുത്തുന്നു. അടുത്തകാലംവരെ അചിന്തനീയമായിരുന്ന അറിവിന്റെ പുതിയ ചക്രവാളങ്ങളാണ് ഒപ്പംതന്നെ ഇന്ന് നമ്മുടെ മുന്നിൽ തുറക്കപ്പെടുന്നത്; അതുകൊണ്ടുതന്നെ ഈ ഡിജിറ്റൽ യുഗത്തിൽ ആശയവിനിമയത്തിനുള്ള പ്രാമുഖ്യത്തെക്കുറിച്ച് അടിയന്തരവും ഗൗരവപൂർവവുമായ ഒരു വിചിന്തനം ആവശ്യമായിരിക്കുകയാണ്.

ഇന്റർനെറ്റിന്റെ ഉപയോഗത്തിലുള്ള ബൃഹത്തായ സങ്കീർണ്ണതയ്ക്കും അനിതരസാധാരണമായ സാദ്ധ്യതകൾക്കും അഭിമുഖീഭവിക്കുമ്പോഴാണ് ഈ ആവശ്യകത നമുക്ക് കൂടുതൽ സ്പഷ്ടമാകുന്നത്. മനുഷ്യചാതു

രിയുടെ എല്ലാ പരിശ്രമഫലങ്ങളുംപോലെതന്നെ ആശയവിനിമയലോക ത്തുണ്ടായിട്ടുള്ള വിവരസാങ്കതികതയുടെ സത്ഫലങ്ങൾ വിവേകപൂർവ്വം ഉപയോഗിക്കുകയാണെങ്കിൽ മനുഷ്യന്റെ ഹൃദയാന്തരാളത്തിൽ തിങ്ങിനി ല്ക്കുന്ന ജന്മസാഫല്യത്തിനും സത്യത്തിനും ഐക്യത്തിനും വേണ്ടിയുള്ള അഭിവാഞ്ഛയുടെ സഫലീകരണത്തിനും ഈ ഡിജിറ്റൽ വേദി വഴിതുറ ക്കുകതന്നെ ചെയ്യും. ഡിജിറ്റൽ ലോകത്ത് ആശയങ്ങൾ സമൃദ്ധമായി സംപ്രേഷണം ചെയ്യുന്നതോടൊപ്പം, അറിവ് വ്യക്തിതലത്തിൽ പങ്കുവ യ്ക്കുന്ന ഒരു സാമൂഹികശൃംഖല ആവിഷ്കൃതമാവുകയാണ്. ഡിജിറ്റൽ ആശയവിനിമയപ്രക്രിയയിൽ അറിവിന്റെ ഉത്പാദകനും ഉപഭോക്താവും തമ്മിലുള്ള പ്രകടമായ വ്യത്യാസം ഇല്ലാതാകുന്നതുവഴി ആശയവിനിമയം തുലോം വസ്തുതകളുടെ കൈമാറ്റമെന്നതിനെക്കാൾ പങ്കുവയ്ക്കലിന്റെ ഒരു നവരൂപമായിമാറുന്നു.

മാധ്യമലോകത്തെ ഈ നൂതന ബലതന്ത്രം ആശയവിനിമയശാസ്ത്ര ത്തിലുള്ള മനുഷ്യന്റെ താത്പര്യം വർദ്ധിപ്പിക്കുകയും അത് പ്രധാനമായും പങ്കുവയ്ക്കലും സംവാദവും സഹാനുഭാവവും ഐക്യദാർഢ്യവും ക്രിയാ ത്മകമായ ബന്ധങ്ങളുടെ രൂപീകരണവുമായി പ്രത്യക്ഷപ്പെടുന്നു. എന്നാൽ മറുഭാഗത്ത് ആധുനികമാധ്യമങ്ങളുടെ വൈരുദ്ധ്യമാർന്ന പരിമിതികളിൽ ഏകപക്ഷീയത, ഭാഗികത, അവാസ്തവികത, പൊങ്ങച്ചം എന്നിവ വ്യതി രിക്തമായി നില്ക്കുന്നുമുണ്ട്.

ആശയവിനിമയലോകത്തുണ്ടാകുന്ന തനിമയാർന്ന വ്യതിയാനങ്ങളും അവയുടെ വെല്ലുവിളികളും തങ്ങളുടെ ജീവിതത്തിന് പുതിയ ഉണർവും ജിജ്ഞാസയും നല്കുന്നതുകൊണ്ട് അവയെ ഏറെ ആകാംക്ഷയോടെ അറി യാനും അനുഭവിക്കുവാനും പരിശ്രമിക്കുന്നത് യുവാക്കളാണ്. സാമൂഹിക സമ്പർക്കമാധ്യമ ശൃംഖലയുടെ സൃഷ്ടമായ ലോകത്തുണ്ടായിക്കൊണ്ടിരി ക്കുന്ന യുവാക്കളുടെ കൂടുതലായ ഇടപഴകൽവഴി അവരുടെ വ്യക്തിബന്ധ ങ്ങളുടെയും അവബോധങ്ങളുടെയും തലത്തിൽ എടുക്കേണ്ട ശരിയായ തീരുമാനങ്ങളെക്കുറിച്ചും വ്യക്തിത്വത്തിന്റെ ആധികാരികതയെക്കുറിച്ചും ഡിജിറ്റൽവേദി പുതിയ ചോദ്യങ്ങൾ അവരോട് ഉന്നയിക്കുന്നുമുണ്ട്. ഡിജി റ്റൽ ലോകത്ത് കൂടുതൽ വ്യാപരിക്കുന്ന വ്യക്തി പുറംലോകംവിട്ട് ഏകാന്ത തയുടെ ഒരു സമാന്തരാസ്തിത്വത്തിലേയ്ക്ക് കടക്കുകയും യഥാർത്ഥ പ്രതീ തിയുണർത്തുന്ന മാധ്യമസൃഷ്ടമായ ഒരു ലോകത്തുമാത്രം ഒതുങ്ങിപ്പോ കുന്ന അപകടം ഒഴിവാക്കുകയാണെങ്കിൽ, നല്ല വ്യക്തിബന്ധങ്ങൾക്കും സംസർഗ്ഗത്തിനുമുള്ള ആധികാരികസരണിയാണ് സൈബർ സ്പെയ്സ് അല്ലെങ്കിൽ കമ്പ്യൂട്ടർ ഭൂമിക.

പരസ്പരബന്ധങ്ങൾക്കും പങ്കുവയ്പിനും വേണ്ടിയുള്ള ഡിജിറ്റൽ ലോകത്തെ തിരച്ചിലിൽ ആധികാരികമായിരിക്കാനും വിശ്വസ്തരായിരിക്കാനുമുള്ള വെല്ലുവിളിയെ നേരിടുന്ന വ്യക്തി, വ്യാജമായ ഒരു പൊതു ആകാരം അല്ലെങ്കിൽ വ്യക്തിരൂപം സ്വയം സൃഷ്ടിക്കുന്ന മിഥ്യാബോധത്തിന് കീഴ്പ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പുതിയ സാങ്കതികവിദ്യകളിലൂടെ സ്വന്തം നാടിന്റെയും സംസ്കാരത്തിന്റെയും അതിരുകൾക്കുമപ്പുറം എത്തിച്ചേർന്ന വ്യക്തി ലീനമായ ഒരു സുഹൃദ് വലയത്തിന്റെ പൂർണ്ണമായ ഒരു പുതിയ ലോകം കെട്ടിപ്പടുക്കുന്നു. ഇത് മഹത്തായ ഒരവസരമാണെങ്കിലും ഏറെ ശ്രദ്ധയും അവബോധവും ആവശ്യപ്പെടുന്ന വലിയ അപകടസാദ്ധ്യതയും ഇതിൽ പതിയിരിക്കുന്നുണ്ട്.

മാധ്യമസൃഷ്ടമായ ഈ പുതുലോകത്ത് ആരാണ് എന്റെ അയൽക്കാരൻ? മാധ്യമശൃംഖലയിൽ അമിതമായി അനുദിനം ഇടപഴകി ജീവിക്കുന്നവർ ചുറ്റുമുള്ളവർക്കും കൂടെവസിക്കുന്നവർക്കും ലഭ്യമല്ലാതാകുന്ന ഒരു അപകടം അവിടെ അന്തർലീനമായിരിക്കുന്നില്ലേ? നാം ജീവിക്കുന്ന ലോകത്തുനിന്നും ഡിജിറ്റൽ സാങ്കേതികതയുടെയും വിനിമയത്തിന്റെയും ഏറെ വ്യത്യസ്തമായൊരു ലോകത്തേക്ക് മനസ്സു തിരിയുന്നതുകൊണ്ട് അശ്രദ്ധരാകാനും ചിന്തകൾ പതറിപ്പോകാനും സാദ്ധ്യതയില്ലേ? അതുവഴി നമ്മുടെ പ്രത്യേക താത്പര്യങ്ങളെക്കുറിച്ചു ചിന്തിക്കാനും ആഴമുള്ളതും ദൈർഘ്യമുള്ളതുമായ വ്യക്തിബന്ധങ്ങൾ വളർത്തിയെടുക്കാനും സമയം ഇല്ലാതാകുന്നില്ലേ? യാഥാർത്ഥ്യത്തിന്റെ പ്രതീതിയുണർത്തുന്ന ഡിജിറ്റൽ ബന്ധങ്ങൾ വളരുമ്പോൾ യഥാർത്ഥവും സമീപസ്ഥവുമായ വ്യക്തിബന്ധങ്ങൾ ജീവിതത്തിന്റെ ഓരോ തലങ്ങളിൽനിന്നും അകന്നുപോകുവാൻ പാടില്ലാത്തതാണ്.

ഈ ഡിജിറ്റൽ യുഗത്തിൽ എല്ലാ മനുഷ്യരും ജീവിതത്തെക്കുറിച്ചുള്ള വിചിന്തനത്തിനും ആധികാരികതയ്ക്കും നിർബന്ധമായും ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇന്നത്തെ സാമൂഹികസമ്പർക്കമാധ്യമശൃംഖലയിൽ സന്നിഹിതമായിരിക്കുന്ന ഊർജ്ജം തെളിയിക്കുന്നത്, ഓരോരുത്തരും എന്ത് വിനിമയം ചെയ്യുന്നുവോ അതിൽ മുഴുകിയിരിക്കും എന്നാണ്. മനുഷ്യൻ ആശയവിനിമയം ചെയ്യുമ്പോൾ അവന് തന്റെ ലോകത്തെക്കുറിച്ചുള്ള കാഴ്ചപ്പാടും ആശയങ്ങളും പ്രത്യാശകളും ജീവിതലക്ഷ്യങ്ങളും മറ്റുള്ളവരുമായി പങ്കുവയ്ക്കുകയാണ്. ഇതിൽനിന്നു മനസ്സിലാക്കേണ്ടത് ഡിജിറ്റൽ സാങ്കേതികതയുടെ ലോകത്ത് ക്രൈസ്തവ സാന്നിദ്ധ്യത്തിന് പ്രസക്തിയുണ്ടെന്നാണ്: അത് സത്യസന്ധവും സുതാര്യവും മറ്റുള്ളവരോട് ഉത്തരവാദിത്വപൂർണ്ണവും ബഹുമാനപൂർവകവുമായ ഒരു ആശയവിനിമയശൈലിയായിരിക്കേണ്ടതാണ്. പുതിയ മാധ്യമങ്ങളിലൂടെ സുവിശേഷം

പ്രഘോഷിക്കുക എന്നു പറയുന്നത് മതാത്മകമായ ചിന്തകൾ മാധ്യമ മണ്ഡലങ്ങളിൽ ഉൾക്കൊള്ളിക്കുക എന്നു മാത്രമല്ല, മറിച്ച് ഓരോരുത്ത രുടെയും ഡിജിറ്റൽ വ്യക്തിത്വവും മുൻഗണനകളും തിരഞ്ഞെടുപ്പുകളും തീർപ്പുകളും പൂർണ്ണമായും സുവിശേഷസാന്ദ്രമാക്കിക്കൊണ്ട്, പ്രത്യക്ഷ മായി പ്രഘോഷിക്കാതെയാണെങ്കിലും നിരന്തരമായ ജീവിതസാക്ഷ്യത്തി ലൂടെ പ്രകടമാക്കേണ്ടതാണ്. വ്യാപ്തമായ ഡിജിറ്റൽ ലോകത്ത് നിരന്ത രമായ സാക്ഷ്യത്തിലൂടെയല്ലാതെ സുവിശേഷം പ്രസംഗിക്കുവാനാവില്ല. ഡിജിറ്റൽ സാങ്കേതികതയുടെ ഈ പുതിയ ചുറ്റുപാടുകളിലും ആവിഷ്ക രണരീതികളിലും ക്രൈസ്തവർ അസ്വസ്ഥരാവാതെ പ്രത്യാശയോടെ പ്രതി കരിക്കാനും ക്രിസ്തുവിനെ കർത്താവായി പ്രഘോഷിക്കാനും വിളിക്കപ്പെ ട്ടിരിക്കുന്നു. (1 പത്രോസ് 3,15).

ഡിജിറ്റൽ യുഗത്തിന്റെ സാങ്കേതികത ഉപയോഗിച്ച് ഇന്നത്തെ സാമൂ ഹികമാധ്യമശൃംഖലയുടെ ശൈലിയിൽ സുവിശേഷസന്ദേശം ആവിഷ്ക രിക്കുക എന്നത് ഒരു വലിയ വെല്ലുവിളിയാണ്. ആദ്യമായി മനസ്സിലാക്കേണ്ട ഒരു വസ്തുത, നാം പ്രഘോഷിക്കേണ്ട സത്യത്തിന്റെ മൂല്യം അതിന്റെ ജനപ്രീതിയിലോ, അതിനു ലഭിക്കുന്ന പൊലിമയിലോ അല്ല അടങ്ങിയിരി ക്കുന്നത് എന്നാണ്. സത്യം സ്വീകാര്യമാവുന്നവിധത്തിൽ ലഘൂകരിച്ചോ വെള്ളംചേർത്തോ നല്കുകയല്ല, മറിച്ച് അതിന്റെ സമഗ്രതയിൽ പ്രഘോ ഷിക്കുകയാണുവേണ്ടത്. അത് ക്ഷണികമായ ഒരു ആകർഷണമാകുന്ന തിനെക്കാൾ അനുദിനപോഷണമായി മാറേണ്ടതാണ്. സുവിശേഷസത്യം ഉപരിപ്ലവമായി ഉപയോഗിക്കേണ്ട ഒന്നല്ല, മറിച്ച് സ്വതന്ത്രമായ പ്രതികരണം ആവശ്യപ്പെടുന്ന ഒരു സമ്മാനമാണ്. യാഥാർത്ഥ്യത്തിന്റെ പ്രതീതിയു ണർത്തുന്ന ഒരു വെബ് പേജിൽ സുവിശേഷം വിന്യസിക്കപ്പെടുമ്പോഴും, അത് ഈ ലോകയാഥാർത്ഥ്യങ്ങളിൽ മാംസം ധരിക്കുകയും, നാം അനു ദിനം ഇടപഴകുന്ന സഹോദരങ്ങൾ ക്കൊപ്പം ജീവിതബന്ധിയാക്കപ്പെടേണ്ട തുമാണ്. നേരിട്ടുള്ള മനുഷ്യബന്ധങ്ങളാണ് വിശ്വാസപ്രചാരണത്തിന് അടി സ്ഥാനമായി നില്ക്കുന്നത്.

ആത്മവിശ്വാസത്തോടും അറിവോടും അതോടൊപ്പം ഉത്തരവാദി ത്വപൂർണ്ണമായ ക്രിയാത്മകതയോടുംകൂടെ ഈ ഡിജിറ്റൽ യുഗം തുറന്നു തന്നിട്ടുള്ള പരസ്പരബന്ധങ്ങളുടെ ശൃംഖലയിൽ കണ്ണിചേരാൻ ഞാൻ എല്ലാവരെയും ക്ഷണിക്കുന്നു. ഈ ഡിജിറ്റൽ കൂട്ടായ്മയിൽ ആയിരിക്കു വാനുള്ള ആഗ്രഹനിർവൃതിക്കുവേണ്ടി മാത്രമല്ല, പരസ്പര ബന്ധങ്ങളുടെ ഈ നവശൃംഖല മനുഷ്യജീവന്റെ സമഗ്രഭാഗമായി തീർന്നിരിക്കുന്നതു കൊണ്ടുമാണ് ഈ പ്രത്യേക ക്ഷണം ഞാൻ നിങ്ങൾക്കു നല്കുന്നത്. വെബും ഡിജിറ്റൽ ലോകവും മാനവകുലത്തിന് നവവും സങ്കീർണ്ണവു

മായ ബുദ്ധിയുടെയും ആത്മീയതയുടെയും പുരോഗതിക്കായുള്ള പങ്കുവയ്ക്കലിന്റെ പുതിയചക്രവാളങ്ങൾ വിരിയിക്കുന്നു. ക്രിസ്തു ദൈവമാണെന്നും കാലത്തിന്റെ തികവിൽ എല്ലാം പൂർത്തീകരിക്കുന്നവനാണെന്നും (എഫേസിയർ 1,10), മനുഷ്യകുലത്തിന്റെയും ചരിത്രത്തിന്റെയും രക്ഷകനാണെന്നുമുള്ള വിശ്വാസം ഈ നവശൃംഖലയിൽ പ്രഘോഷിക്കുവാൻ ക്രൈസ്തവർ വിളിക്കപ്പെട്ടിരിക്കുന്നു. അതിവേഗം ഹൃദയത്തെ പ്രചോദിപ്പിക്കുകയും മനസ്സിനെ ചലിപ്പിക്കയും ചെയ്യുന്ന ആദരണീയവും സചേതനവുമായ ഒരു ആശയവിനിമയമാണ് സുവിശേഷപ്രഘോഷണത്തിനാവശ്യം; ഉത്ഥിതനായ ക്രിസ്തു എമ്മാവൂസിലേക്കു പുറപ്പെട്ടുപോയ ശിഷ്യന്മാരുടെ ഹൃദയത്തെ തൊട്ടുണർത്തിയതുപോലുള്ള ഒരാശയവിനിമയമാണിവിടെ വേണ്ടത് (ലൂക്കാ 24, 13-35). ക്രിസ്തുവിന്റെ സംവാദശൈലിയിലുള്ള സമീപനംവഴിയും അവരുടെ ഹൃദയങ്ങളെ ലോലമായി സ്പർശിക്കുന്ന അവിടത്തെ രീതികൊണ്ടും ദൈവികരഹസ്യങ്ങളിലേയ്ക്ക് അവരുടെ ഹൃദയങ്ങൾ മെല്ലെ തുറക്കപ്പെട്ടു.

ഏറെ ജനപ്രീതിയുണർത്തുന്ന സാമൂഹികസമ്പർക്കമാധ്യമശൃംഖലയിൽ പ്രതിഫലിച്ചുകാണുന്ന മനുഷ്യന്റെ പരസ്പരബന്ധത്തിനും കൂട്ടായ്മയ്ക്കും ജീവിതാർത്ഥത്തിനും വേണ്ടിയുള്ള തീക്ഷ്ണമായ അഭിലാഷം ആത്യന്തികമായ ഒരപഗ്രഥനത്തിൽ സത്യമാകുന്ന ക്രിസ്തുവാണ്. തങ്ങളുടെ ജീവിതത്തിന്റെ ആഴമായ ബോധ്യങ്ങൾക്ക് സാക്ഷ്യം നൽകാൻ ആഗ്രഹിക്കുന്ന ക്രൈസ്തവർ വെബെന്ന വലിയ ഡിജിറ്റൽ ശക്തിയെ വ്യക്തിഹത്യയ്ക്കുള്ള ഒരു ഉപകരണമാക്കാനോ, വൈകാരികമായി മനുഷ്യനെ സ്വാധീനിക്കാനോ, ശക്തൻമാരുടെ അഭിപ്രായങ്ങളുടെ കുത്തകയാക്കാനോ അനുവദിക്കരുത്. മറിച്ച്, എല്ലാവരിലുമുള്ള അഭൗമസന്തോഷത്തിനുള്ള ആഗ്രഹവും എന്നും നിലനില്ക്കേണ്ട ജീവന്റെ നന്മയാർന്ന ഭാവത്തിനുള്ള അഭിവാഞ്ഛയും പരിപോഷിപ്പിക്കുന്ന ശൃംഖലയായി അതിനെ വളർത്തേണ്ടതാണ്. തീർച്ചയായും അന്യൂനമായ ഒരു മാനുഷിക ആത്മീയ അഭിവാഞ്ഛയാണ് ഈ ജീവിതത്തിൽ സത്യത്തിനും കൂട്ടായ്മയ്ക്കും ആവേശം പകരുകയും സുതാര്യമായും ആർജ്ജവത്തോടുകൂടിയും ആശയവിനിമയം ചെയ്യാൻ നമ്മെ പ്രചോദിപ്പിക്കുന്നത്. ഡിജിറ്റൽ ലോകത്ത് ക്രിയാത്മകമായ സാന്നിദ്ധ്യം നന്മയ്ക്കായി ഉപയോഗിക്കുവാൻ ഞാൻ യുവാക്കളെ പ്രത്യേകമായി ക്ഷണിക്കുന്നു.

ഏവർക്കും എന്റെ അപ്പസ്തോലിക ആശിർവാദം നല്കുന്നു.

**ബെനഡിക്റ്റ് 16-ാമൻ മാർപാപ്പാ**

## 12-ാം പാസ്റ്ററൽ കൗൺസിൽ, 3-ാം സമ്മേളനം

### 2011 ഡിസംബർ 10, 10.00 am

**വിഷയാവതരണം:**

1 ഇടവകരൂപീകരണ മാനദണ്ഡങ്ങൾ (കരടുരൂപം) വിശകലനം ചെയ്യുക.

2 കുടുംബകൂട്ടായ്മ വർഷ കർമ്മപദ്ധതികൾ വിലയിരുത്തൽ, പ്രേഷിത വർഷാചരണങ്ങൾ കുടുംബകൂട്ടായ്മവർഷ പ്രവർത്തന പരിപാടികളിൽ ഉൾപ്പെടുത്തുക.

പ്രിയ ബഹു. അച്ചാ/ സിസ്റ്റർ/ സുഹൃത്തേ, രൂപതാഭവനത്തിൽനിന്നും ആശംസകൾ..!

2011 ഡിസംബർ 10-ാം തിയ്യതി രാവിലെ 10 മണിക്ക് ഇരിങ്ങാലക്കുട രൂപതാഭവനത്തിൽ നടക്കുന്ന 12-ാം പാസ്റ്ററൽ കൗൺസിലിന്റെ 3-ാം സമ്മേളനത്തിൽ മേൽപറഞ്ഞ 2 വിഷയങ്ങൾ പഠനവിധേയമാക്കേണ്ടതാണ്.

ഇടവകകൾ രൂപീകരിക്കുമ്പോഴും പുനഃസംവിധാനം ചെയ്യുമ്പോഴും സ്വീകരിക്കേണ്ട മാനദണ്ഡങ്ങളുടെ കരടുരൂപവും, പ്രേഷിതവർഷ പരിപാടികളുടെ രൂപരേഖയും ചർച്ചയ്ക്കായി ഇതോടൊപ്പം വയ്ക്കുന്നു. സീറോമലബാർ സഭ-പ്രേഷിതവർഷാചരണ പരിപാടികൾ, കുടുംബകൂട്ടായ്മവർഷ കർമ്മ പദ്ധതികളിൽ ഉൾപ്പെടുത്തി ഒരു പ്രേഷിതാഭിമുഖ്യം കുടുംബങ്ങളിൽ, ഇടവകയിൽ, രൂപതയിൽ വളർത്തുവാൻ പോരുന്ന സാധ്യമായ മാർഗ്ഗങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക. മേൽപറഞ്ഞ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി താഴെ കൊടുത്തിരിക്കുന്ന ചോദ്യാവലി ഇടവകതലത്തിൽ ചർച്ചയ്ക്ക് വിധേയമാക്കി നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഫൊറോന കൗൺസിലിന് അയച്ചുകൊടുക്കണം. ഫൊറോന കൗൺസിൽ അവ പഠിച്ച് സംക്ഷിപ്ത റിപ്പോർട്ട് ഡിസംബർ 10-ാം തിയ്യതി നടക്കുന്ന രൂപതാ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ ഫൊറോന കൗൺസിൽ സെക്രട്ടറി ( 5 മിനിറ്റ്) അവതരിപ്പിക്കേണ്ടതാണ്. താങ്കളെ പ്രസ്തുത യോഗത്തിലേക്ക് ക്ഷണിക്കുന്നു; സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

**മോൺ. ഡോ. ജോസ് ഡി. ഇരിമ്പൻ**
വൈസ് പ്രസിഡണ്ട്

**ഫാ. ഡോ. ഡേവിസ് ചെങ്ങിനിയാടൻ**
ജന. സെക്രട്ടറി

**ഡോ. സുധ ജോർജ്ജ് വളവി**
ജോ. സെക്രട്ടറി

**ശ്രീ. ജോസ് ജെ. കാളൻ**
സെക്രട്ടറി

# സർക്കുലർ

ഈശോമിശിഹായിൽ പ്രിയ വൈദികരെ, സന്യസ്തരെ, പ്രിയ സഹോദരീസഹോദരന്മാരെ,

സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് എന്ന നിലയിൽ ഈ സഭയുടെ മുഖ്യ ശുശ്രൂഷകനായി ദൈവകൃപയാൽ നിയോഗിക്കപ്പെട്ടതിനുശേഷം നമ്മുടെ സഭയിൽ നടന്ന പ്രധാന സംഭവം ഇക്കഴിഞ്ഞ ഓഗസ്റ്റ് 17 മുതൽ 27 വരെ സഭാകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ സമ്മേളിച്ച മെത്രാന്മാരുടെ സിനഡാണ്. നമ്മുടെ സഭയിലെ 19-ാമത്തെ സിനഡിന്റെ 3-ാം സമ്മേളനമായിരുന്നു അത്. ഈ സിനഡിനെ സംബന്ധിച്ച പൊതുവായ ചില കാര്യങ്ങൾ ഈ കത്തിലൂടെ നിങ്ങളെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ വിലപ്പെട്ട പ്രാർത്ഥനക്കും സ്നേഹത്തിനും ആദ്യം തന്നെ ഞാൻ നന്ദി പറയുന്നു. പതിവുപോലെ, സിനഡിന്റെ ആദ്യ ദിവസം ഉച്ചവരെയുള്ള സമയം പ്രാർത്ഥിച്ചും ധ്യാനിച്ചും ഞങ്ങളെല്ലാവരും ആത്മീയമായി ഒരുങ്ങി ഒന്നുചേർന്ന് വി. കുർബ്ബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് സിനഡ് സമ്മേളനം ഔദ്യോഗികമായി ആരംഭിച്ചു. വിശ്രമജീവിതം നയിക്കുന്ന രണ്ട് മൂന്ന് മെത്രാന്മാർ ഒഴികെ എല്ലാ പിതാക്കന്മാരും സിനഡിൽ സംബന്ധിക്കുകയുണ്ടായി.

കഴിഞ്ഞ സിനഡിനുശേഷം നാം എല്ലാവരേയും ദുഃഖത്തിലാഴ്ത്തിക്കൊണ്ട് നമുക്കെല്ലാവർക്കും പ്രിയങ്കരനായിരുന്ന മേജർ ആർച്ച്ബിഷപ്പ് അഭിവന്ദ്യ വർക്കി വിതയത്തിൽ പിതാവ് നമ്മെ വിട്ടുപിരിഞ്ഞ് സ്വർഗ്ഗീയ ഭവനത്തിലേക്ക് യാത്രയായി. അതുപോലെ തന്നെ ഉജ്ജയിൻ മിഷൻ രൂപതയുടെ പ്രഥമ മെത്രാനായി ദീർഘകാലം ശുശ്രൂഷ ചെയ്ത അഭിവന്ദ്യ ജോൺ പെരുമറ്റം പിതാവും നമ്മെ വിട്ടുപിരിഞ്ഞു. ഈ രണ്ടു പിതാക്കന്മാരെയും പ്രാർത്ഥനകളിൽ നമുക്കോർക്കാം. വർക്കി പിതാവിന്റെ മരണത്തെതുടർന്ന് സഭയുടെ അഡ്മിനിസ്ട്രേറ്ററായി ചുമതല വഹിച്ച അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവ് പുതിയ മേജർ ആർച്ചു ബിഷപ്പിന്റെ സ്ഥാനാരോഹണം വരെയുള്ള ഇടവേളയിൽ വളരെ ഭംഗിയായി ദൗത്യം നിർവ്വഹിക്കാൻ നേതൃത്വം നൽകിയത് ഏറെ സന്തോഷത്തോടും നന്ദിയോടും കൂടി ഞാൻ അനുസ്മരിക്കുന്നു. സിനഡിന്റെ പുതിയ സെക്രട്ടറിയായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ട കാര്യം അറിയിക്കട്ടെ.

ദൈവദാസന്മാരായ മാർ തോമാസ് കുര്യാളശേരി പിതാവും ബ. മാത്യു കദളിക്കാട്ടച്ചനും ധന്യപദവിയിലേക്ക് ഉയർത്തപ്പെട്ടതിന് നമുക്ക് ദൈവത്തോട് നന്ദി പറയാം. ഈ വർഷം പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിനേയും പഴയാറ്റിൽ പിതാവിനേയും പുന്നക്കോട്ടിൽ പിതാവിനേയും ദൈവത്തിന് സമർപ്പിച്ച്

പ്രാർത്ഥിക്കുകയും ചെയ്യാം. സീറോമലബാർ സഭയിലെ പ്രഥമ കർദ്ദിനാളായ പാറേക്കാട്ടിൽ പിതാവിന്റേയും മലബാറിലെ കുടിയേറ്റ ജനതയുടെ പിതാവായ വള്ളോപ്പിള്ളി പിതാവിന്റേയും ജന്മശതാബ്ദി വർഷമാണിത്. അവരുടെ വിലപ്പെട്ട സഭാശുശ്രൂഷയെ നന്ദിപൂർവ്വം അനുസ്മരിച്ച് അവർക്കു വേണ്ടിയും പ്രാർത്ഥിക്കാം. പരിശുദ്ധ പിതാവിനെ സന്ദർശിക്കുന്നതിനായി ഒക്ടോബർ മാസത്തിൽ ഞാൻ റോമിലേക്ക് പോകുന്നതാണ്. ഒക്ടോബർ 17 ആണ് സന്ദർശനദിവസം. ബന്ധപ്പെട്ട മറ്റ് വത്തിക്കാൻ കാര്യാലയങ്ങളും സന്ദർശിക്കുന്നതാണ്. ഈ സന്ദർശനം നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം ഏറ്റവും അനുഗ്രഹപ്രദമാകാൻ നിങ്ങളെല്ലാവരുടെയും പ്രാർത്ഥന പ്രത്യേകമായി ഞാൻ അഭ്യർത്ഥിക്കുന്നു.

**മിഷൻ രൂപതകൾ**

13 മിഷൻ രൂപതകളാണ് സീറോ മലബാർ സഭയിൽ ഇപ്പോഴുള്ളത്. കേരളത്തിലെ സീറോ മലബാർ രൂപതകൾ ഈ മിഷൻ രൂപതകളെ ദത്തെടുത്ത് വിവിധ രീതിയിൽ സഹായിക്കുകയും പ്രോത്സാഹിപ്പിച്ച് വളർത്തുകയും ചെയ്യുന്നു. പ്രാർത്ഥനാസഹായം, സാധിക്കുന്ന വിധമുള്ള സാമ്പത്തിക സഹായം, വൈദികരുടെയും സമർപ്പിതരുടെയും സേവനം, പ്രേഷിത ദൈവവിളി പ്രോത്സാഹനം, പരസ്പര സന്ദർശനം തുടങ്ങിയ വിവിധ മാർഗ്ഗങ്ങളിലൂടെയാണ് മിഷൻ രൂപതകളുടെ വളർച്ചയ്ക്കായി മാതൃസഭയിലെ രൂപതകൾ ശ്രമിക്കുന്നത്. ഈ സഹായ സഹകരണങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് മിഷൻ രൂപതകളെ പ്രോത്സാഹിപ്പിക്കാനും ഹൃദ്യമായ ബന്ധം ആഴപ്പെടുത്താനും ഈ പ്രേഷിത വർഷത്തിൽ എല്ലാവരും ഉത്സാഹിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**പ്രേഷിത വർഷാചരണം**

പ്രേഷിത വർഷാചരണത്തെ സംബന്ധിച്ച് വ്യക്തമായ ചില മാർഗ്ഗനിർദ്ദേശങ്ങൾ നേരത്തെ നൽകിയിട്ടുള്ളതാണല്ലോ. കൂടാതെ പ്രേഷിത വർഷാചരണത്തിന്റെ കർമ്മപരിപാടി വിശദീകരിച്ചുക്കൊണ്ട് അതിന്റെ ചുമതല വഹിക്കുന്ന കേന്ദ്രകമ്മിറ്റി തയാറാക്കിയ ലഘുലേഖയും പ്രസിദ്ധീകരിച്ചു നൽകിയിട്ടുള്ളതാണ്. അതനുസരിച്ച് എല്ലാ രൂപതകളിലും ഉചിതമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മിഷൻ രൂപതകൾക്കുവേണ്ടിയുള്ള പ്രാർത്ഥന, മിഷൻ അവബോധം വളർത്തുന്ന പരിപാടികൾ, മിഷനറി സംഗമങ്ങൾ, മിഷൻ ഇടവകകളെ ദത്തെടുക്കൽ, മിഷൻ ഇടവകയിലെ കുടുംബങ്ങൾ സന്ദർശിക്കൽ, സാമൂഹിക ക്ഷേമപ്രവർത്തനങ്ങൾ, ആദിവാസി സമൂഹങ്ങളിലെ മിഷൻപ്രവർത്തനം, മിഷൻ ഡയറക്ടറി, ഇടവകകളിലെ മിഷൻ ധ്യാനങ്ങൾ തുടങ്ങിയ കർമ്മപരിപാടികൾ കൂടുതൽ പ്രാധാന്യം അർഹിക്കുന്നവയാണ്. ആഗസ്റ്റു മാസം 21-ാം തിയ്യതി കൊടുങ്ങല്ലൂരിൽവെച്ച് എല്ലാ പിതാ

ക്കന്മാരും വൈദിക - സന്യസ്ത - അത്മായ പ്രതിനിധികളും ചേർന്ന് വി. കുർബ്ബാന അർപ്പിച്ച് പ്രേഷിത വർഷാചരണത്തിന്റെ സഭാതല ഉദ്ഘാടനം നടത്തുകയുണ്ടായി. തുടർന്ന് അഴീക്കോട്ടു സ്ഥാപിച്ചിരിക്കുന്ന തോമാശ്ലീഹായുടെ തിരുശേഷിപ്പു വണക്കവും നടന്നു. ഇരിങ്ങാലക്കുട രൂപതയുടെ ആതിഥേയത്തിലും നേതൃത്വത്തിലും ഉദ്ഘാടന കർമ്മപരിപാടികൾ വളരെ ഭംഗിയായി നടന്നു എന്ന വസ്തുതയും സന്തോഷപൂർവ്വം അറിയിക്കുന്നു.

**പ്രവാസികളായ സീറോമലബാർ വിശ്വാസികളുടെ അജപാലനം**

ദീർഘകാലമായി നാം നേരിട്ടുകൊണ്ടിരിക്കുന്ന ഒരു സുപ്രധാന പ്രശ്നമാണല്ലോ വിദേശരാജ്യങ്ങളിലും മറ്റും വസിക്കുന്ന പ്രവാസികളായ സീറോ മലബാർ സഭയിലെ വിശ്വാസികളുടെ അജപാലനം. ഇക്കാര്യത്തിൽ കുറച്ചൊക്കെ ചെയ്യാൻ നമുക്കു സാധിച്ചിട്ടുണ്ട്. ചില സ്ഥലങ്ങളിൽ വൈദികരെ ചാപ്ലിയന്മാരായി നിയോഗിക്കാൻ കഴിഞ്ഞു. പല ആവശ്യങ്ങൾ ഇനിയും സാധിച്ചുകിട്ടേണ്ടതുണ്ട്. അതിനായി സിനഡും ബന്ധപ്പെട്ട കമ്മീഷനും ഗൗരവമായി ചിന്തിക്കുകയും പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ പരിശ്രമങ്ങൾ വിജയിക്കുന്നതിന് നിങ്ങളുടെ എല്ലാവരുടെയും ആത്മാർത്ഥമായ പ്രാർത്ഥനയും ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു

**ദിവ്യകാരുണ്യ കോൺഗ്രസ്**

അൻപതാം അന്തർദ്ദേശിയ ദിവ്യകാരുണ്യകോൺഗ്രസ് 2012 ജൂൺ 10-17 തിയ്യതികളിൽ അയർലണ്ടിൽ വച്ച് നടക്കുന്ന കാര്യം ഇതിനോടകം അറിഞ്ഞിരിക്കുമല്ലോ. സീറോ മലബാർ സഭയിൽനിന്ന് ഒരു പ്രതിനിധി സംഘം അതിൽ പങ്കെടുക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ദിവ്യകാരുണ്യകോൺഗ്രസിലൂടെ ലോകത്തിനു മുഴുവൻ കൂടുതൽ അനുഗ്രഹങ്ങൾ ലഭിക്കാൻ എല്ലാവരും പ്രാർത്ഥിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

**മേജർ സെമിനാരി**

സിനഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആലുവാ, വടവാതൂർ, കുന്നോത്ത് എന്നീ മേജർ സെമിനാരികളുടെ പ്രവർത്തനങ്ങൾ പ്രത്യേകമായും വൈദികപരിശീലനം പൊതുവായും സിനഡ് വിലയിരുത്തുകയുണ്ടായി.വൈദികപരിശീലനം പൊതുവെ തൃപ്തികരമായി നടക്കുന്നുവെന്നും എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ വർദ്ധിച്ചുവരുന്നുവെന്നുമുള്ള റിപ്പോർട്ടുകൾ സെമിനാരികളിലെ റെക്ടറച്ചന്മാർ പങ്കുവെക്കുകയുണ്ടായി. കൂടുതൽ സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കുന്നോത്ത് സെമിനാരിയെ സഹായിക്കുന്നതിന് വിവിധ രൂപതകളിലെ തിരഞ്ഞെടുക്കപ്പെട്ട ഇടവകകൾ നൽകിയ സഹകരണം നന്ദിയോടെ അനുസ്മരിക്കുന്നു. വൈദിക വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന വൈദികർക്കായി മംഗലപ്പുഴ സെമിനാരിയിൽ നടന്ന പ്രഥമ തുടർപരിശീലന കോഴ്സ് വളരെ

നന്നായിരുന്നതായി പങ്കെടുത്തവർ അഭിപ്രായപ്പെടുകയുണ്ടായി വൈദിക വിദ്യാർത്ഥികളുടെ പരിശീലകരെല്ലാവരും തുടർപരിശീലന കോഴ്സിൽ പങ്കെടുക്കണമെന്നാണ് സിനഡ് നിശ്ചയിച്ചിരിക്കുന്നത്. സെമിനാരി പരിശീലനത്തിന്റെ പ്രാധാന്യം പരിഗണിച്ച് അതിന്റെ വിവിധ വശങ്ങൾ പഠിച്ച് സമഗ്രമായ ഒരു രൂപരേഖ തയ്യാറാക്കുന്നതിനുള്ള ക്രമീകരണവും ചെയ്തു കഴിഞ്ഞു. മേജർ സെമിനാരിയിലേക്കയക്കപ്പെടുന്നതിനു മുമ്പ് വൈദിക വിദ്യാർത്ഥികൾ ബിരുദ പഠനം പൂർത്തിയാക്കിയിരിക്കണമെന്നുള്ള തീരുമാനത്തിൽ സിനഡ് ഉറച്ചുനിൽക്കുന്നതാണ്. പ്രേഷിത വർഷാചരണ പരിപാടിയിൽ വൈദിക വിദ്യാർത്ഥികളും സജീവമായി പങ്കുചേരണമെന്ന് സീറോ മലബാർ സഭയുടെ മിഷൻ നയവും മതബോധന ഗ്രന്ഥങ്ങളുടെ ഉള്ളടക്കവും വൈദികവിദ്യാർത്ഥികൾ നന്നായി അറിഞ്ഞിരിക്കണമെന്ന കാര്യവും അവരുടെ ശ്രദ്ധയിൽപെടുത്തുന്നു.

സെമിനാരികളിൽ ബൈബിൾ പഠനത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നുണ്ടെങ്കിലും വൈദികരുടെ വചന പ്രഘോഷണം പൊതുവെ ഇനിയും മെച്ചപ്പെടേണ്ടതുണ്ടെന്ന് സിനഡ് വിലയിരുത്തി. അതിന് വൈദിക പരിശീലനത്തിൽ സമഗ്രമായ ഒരു നവീകരണം ആവശ്യമാണെന്നും ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നും സിനഡ് ചിന്തിക്കുന്നു. വൈദിക വിദ്യാർത്ഥികൾ ചെയ്യുന്ന ആരാധനക്രമസംബന്ധമായ ശുശ്രൂഷകളെ സംബന്ധിച്ച് ചില ആശയക്കുഴപ്പങ്ങൾ ഇപ്പോൾ നിലവിലുള്ളതായി അറിയുന്നു. തങ്ങൾ സ്വീകരിച്ചിട്ടുള്ള പട്ടത്തിനനുസരിച്ചുള്ള ശുശ്രൂഷകളാണ് അവർ ചെയ്യേണ്ടിയിരിക്കുന്നത്. ഇതു സംബന്ധിച്ച് വിശദവിവരങ്ങൾ ബന്ധപ്പെട്ടവരെ ഞാൻ അറിയിക്കുന്നതാണ്.

**നിയമ കാര്യങ്ങൾ**

വിവാഹം ആശിർവ്വദിക്കുക തുടങ്ങിയ അജപാലനപരമായ കാര്യങ്ങളെ സംബന്ധിച്ച സഭാനിയമങ്ങളിലെ ചില അവ്യക്തതകൾ സിനഡ് ചർച്ച ചെയ്ത് വ്യക്തമായ നിർദ്ദേശങ്ങൾ നൽകി. അവയുടെ വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**തെയദോറിന്റെ അനാഫൊറ**

നമ്മുടെ സഭയുടെ കുർബാനക്രമത്തിൽ മൂന്ന് അനാഫൊറകളാണുള്ളത്. അവയിൽ ആദ്യത്തേതായ (അദ്ദായി - മാറി അനാഫൊറ) അനാഫൊറയാണ് നാം ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. രണ്ടാമത്തെ അനാഫൊറ തെയദോറിന്റെ അനാഫൊറ എന്നാണ് അറിയപ്പെടുന്നത്. അതിന്റെ ക്രമം സിനഡിന്റെ ലിറ്റർജി കമ്മീഷന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര ലിറ്റർജി കമ്മിറ്റി തയ്യാറാക്കുകയും രൂപതകളിൽനിന്നുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചു ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും, സിനഡ് അത് സമഗ്രമായ പരിചിന്തനത്തിനും ചർച്ചയ്ക്കും വിധേയമാക്കി ചില ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തിരിക്കുകയാണ്. ഓരോ രൂപ

തയിലും തിരഞ്ഞെടുക്കപ്പെട്ട ഒരു സമൂഹത്തോടു ചേർന്ന്, രൂപതാധ്യക്ഷന്റെ മേൽനോട്ടത്തിൽ പരീക്ഷണാർത്ഥം ഈ ടെക്സ്റ്റ് ഉപയോഗിച്ച് പ്രാർത്ഥിക്കുകയും അത് (dry mass) വിലയിരുത്തികൊണ്ടുള്ള റിപ്പോർട്ട് അടുത്തുവരുന്ന സിനഡിൽ അവതരിപ്പിക്കുകയും ചെയ്യണമെന്നും സിനഡ് തീരുമാനിച്ചിരിക്കുകയാണ്. ഉചിതമായ ബോധനം നടത്തി ടെക്സ്റ്റ് പരിചയപ്പെടുത്തിയിട്ടുവേണം ഇപ്രകാരം ചെയ്യുവാൻ. ഇപ്രകാരം ലഭിക്കുന്ന റിപ്പോർട്ടുകൾ വേണ്ടവിധം പരിശോധിച്ചതിനുശേഷം അനാഫൊറയുടെ ടെക്സ്റ്റ് അംഗീകാരത്തിനായി റോമിൽ സമർപ്പിക്കുന്നതാണ്.

**കമ്മീഷനുകൾ**

വിവിധ കമ്മീഷനുകൾ, കമ്മറ്റികൾ തുടങ്ങിയവയുടെ നേതൃത്വത്തിലാണ് സിനഡിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടക്കുന്നത്. അവയുടെ പ്രവർത്തന റിപ്പോർട്ടുകൾ സിനഡിൽ അവതരിപ്പിച്ച് വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ സിനഡ് നൽകുകയും ചെയ്തു.

**റോമിൽ പ്രൊക്കുറ (Procura) യ്ക്ക് ഒരു ആസ്ഥാനം**

സീറോമലബാർ സഭാസംബന്ധമായ കാര്യങ്ങൾക്ക് വത്തിക്കാൻ കാര്യാലയവുമായി ബന്ധപ്പെടുന്നതിനും മറ്റും സൗകര്യപ്രദമായ ഒരു സ്ഥലം റോമിൽ നമുക്ക് സ്വന്തമായി ഇനിയും ഉണ്ടായിട്ടില്ല. അതിനു യോജിച്ച സ്ഥലം ഇപ്പോൾ കണ്ടെത്തിയിട്ടുണ്ട്. അതു വാങ്ങുന്നതിനുള്ള തീരുമാനം സിനഡ് എടുക്കുകയുണ്ടായി. അതിനാവശ്യമായ പണം കണ്ടെത്തേണ്ടിയിരിക്കുന്നു. നമ്മുടെ സഭയിലെ എല്ലാ വിഭാഗങ്ങളും ഇക്കാര്യത്തിൽ സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു. അതിന്റെ വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**കൂരിയായുടെ പ്രവർത്തനം**

നമ്മുടെ സഭാകേന്ദ്രത്തിൽ കൂരിയായുടെ (ഭരണകാര്യാലയം) പ്രവർത്തനത്തെ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സിനഡ് ചർച്ച ചെയ്ത് അംഗീകരിച്ചു. ദീപിക പത്രത്തിന്റെ നടത്തിപ്പ്, കേരളത്തിലെ സാമൂഹിക, രാഷ്ട്രീയ രംഗം, സഭയുടെ കേന്ദ്ര കാര്യാലയത്തിൽ ഇനിയും പൂർത്തീകരിക്കപ്പെടേണ്ട ക്രമീകരണങ്ങൾ തുടങ്ങിയ വിവിധ വിഷയങ്ങളും സിനഡ് ചർച്ച ചെയ്യുകയുണ്ടായി.

**ഭക്താനുഷ്ഠാനങ്ങൾ**

നമ്മുടെ സഭയിലെ ഭക്താനുഷ്ഠാനങ്ങളെ സംബന്ധിച്ച് സിനഡ് ചർച്ച ചെയ്തു. അവ സംബന്ധിച്ച് കൂടുതൽ പഠിച്ച് തീരുമാനങ്ങൾ എടുക്കണമെന്നാണ് സിനഡ് പൊതുവെ അഭിപ്രായപ്പെട്ടത്.

**വത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങൾ**

വത്തിക്കാൻ കൗൺസിലിന്റെ സുവർണ്ണജൂബിലി സമാഗതമാകുന്ന

ഈ അവസരം കൗൺസിലിന്റെയും അതിനുശേഷമുള്ള സഭാപ്രബോധ നങ്ങൾ എത്രമാത്രം നമ്മുടെ സഭയിൽ പ്രാവർത്തികമാക്കാൻ കഴിഞ്ഞു എന്നതിനെക്കുറിച്ച് വസ്തുനിഷ്ഠമായൊരു പഠനത്തിന് ഉപയോഗപ്പെടു ത്തണമെന്ന് സിനഡ് ചർച്ച ചെയ്ത് തീരുമാനിക്കുകയും അതിന് നേതൃത്വം കൊടുക്കുന്നതിന് ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

**റോമൻ സിനഡ്**

2012-ൽ നടക്കുന്ന സിനഡിന്റെ വിഷയമായ നവ സുവിശേഷവൽക്ക രണത്തെ സംബന്ധിച്ച് രൂപതകളിൽനിന്ന് ലഭിച്ച അഭിപ്രായങ്ങളുംകൂടി പരിഗണിച്ച് ചർച്ച നടത്തി. ഈ വിഷയത്തെക്കുറിച്ചുള്ള നമ്മുടെ സഭയുടെ പ്രതികരണം റോമിലേക്ക് അയച്ചുകൊടുക്കേണ്ടതുണ്ട്. ഒരു കമ്മിറ്റിയുടെ സഹായത്തോടെ പ്രതികരണം തയ്യാറാക്കി യഥാസമയം അയച്ചു കൊടു ക്കുന്നതാണ്.

**മേജർ ആർച്ചുബിഷപ്പ് പാപ്പായെ സന്ദർശിക്കുന്നു**

സീറോമലബാർ സഭയുടെ പുതിയ തലവനായി തെരഞ്ഞെടുക്കപ്പെട്ട മേജർ ആർച്ചുബിഷപ്പ് മാർപാപ്പയെ ആദ്യം സന്ദർശിക്കുന്നത് ഒരു പ്രധാന സംഭവമായിട്ടാണ് കരുതപ്പെടുന്നത്. അതനുസരിച്ച് ഒക്ടോബർ 17-ന് മാർപാപ്പയെ സന്ദർശിക്കുന്നതിനുള്ള ക്രമീകരണം ചെയ്തിരിക്കുകയാണ്. എന്നോടൊപ്പം സ്ഥിരസിനഡിലെ അംഗങ്ങളും കൂരിയ മെത്രാനും എറ ണാകുളം-അങ്കമാലി അതിരൂപതയുടെ സഹായമെത്രാനും ഉണ്ടായിരിക്കു ന്നതാണ്. പാപ്പായെ കൂടാതെ പല വത്തിക്കാൻ കാര്യാലയങ്ങളും ഞങ്ങൾ സന്ദർശിക്കുന്നതാണ്. ഈ സന്ദർശനം നമുടെ സഭയ്ക്ക് ഏറെ പ്രയോജ നപ്രദമാകാൻ എല്ലാവരുടെയും പ്രാർത്ഥന ഞാൻ അഭ്യർത്ഥിക്കുന്നു.

**പുതിയ കമ്മീഷൻ**

സഭാജീവിതത്തിലും സഭയുടെ ദൗത്യത്തിലും സമർപ്പിതരുടെ സജീ വ പങ്കാളിത്തം ഉണ്ടായിരിക്കുക എന്ന ലക്ഷ്യത്തോടെ സമർപ്പിത സമൂഹ ങ്ങൾക്കുവേണ്ടി പുതിയൊരു കമ്മീഷന് രൂപം കൊടുത്തിരിക്കുന്ന കാര്യവും സന്തോഷത്തോടെ അറിയിക്കുന്നു. ഞാൻ മേജർ ആർച്ചുബിഷ പ്പായതിനുശേഷം നടന്ന ഈ പ്രഥമ സിനഡിന്റെ വിജയത്തിനായി പ്രാർത്ഥി ച്ചവർക്കും സഹകരിച്ചവർക്കും ഞാൻ ഹൃദയപൂർവ്വം നന്ദി പറയുന്നു. 27 -ാം തിയ്യതി വൈകുന്നേരം 6 മണിക്ക് സീറോമലബാർ സഭയുടെ 19-ാം സിനഡിന്റെ മൂന്നാം സെഷൻ ഔദ്യോഗികമായി പര്യവസാനിച്ചു. സിന ഡിലൂടെ ലഭിച്ച ദൈവകൃപയ്ക്ക് നമുക്കെല്ലാവർക്കും ദൈവത്തോട് നന്ദി യുള്ളവരായിരിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യാം.

എന്ന്, മിശിഹായിൽ സ്നേഹപൂർവ്വം

**മാർ ജോർജ്ജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

# ബ്ലസ് എ ഹോം
## ഒരു വീടിനെ അനുഗ്രഹിക്കൂ.

ഇരിങ്ങാലക്കുട രൂപതയുടെ ബ്ലസ് എ ഹോം പദ്ധതിയിൽ 130 ഇടവകകളിൽനിന്ന് തെരഞ്ഞെടുത്ത 700 കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗണ്ടിലേക്ക്, ഇപ്പോൾ 59,33,000 രൂപ നൽകിയിട്ടുണ്ട്. ചാലക്കുടി മേഖല ഫാ. ലിജോ കളപറമ്പത്ത്, മാള മേഖല ഫാ. ലിജു മഞ്ഞപ്രക്കാരൻ, ഇരിങ്ങാലക്കുട മേഖല, ഫാ. ജോയ് മേനോത്ത് എന്നിവർ മൂന്ന് മേഖല ഡയറക്ടേഴ്സായി പ്രവർത്തിച്ചുവരുന്നു.

**സംഭാവന നല്കിയവർ**

| | | |
|---|---|---|
| 1 | Peenikaparampill Vareed Joby, Aloor | 6,000 |
| 2 | Louis Xavier, Saudi Arabia | 25,000 |
| 3 | Rev Fr.Thomas Panjikkaran | 75,000 |
| 4 | The Staff & Students, Sahrudaya Engineering College Kodakara | 2,00,000 |
| 5 | John Ford Brothers Irinjalakuda | 1,00,001 |
| 6 | Jovy C.V Cheerothy, Chalakudy | 50,000 |
| 7 | Shibu E.V. Elevuthingal, Chalakudy | 50,000 |
| 8 | Reju Aippu Palathingal, Kattoor | 12,000 |
| 9 | Sijo Kuthottungakaran, North Chalakudy | 10,000 |
| 10 | Manjooran Panthalipadan Family Trust | 12,500 |
| 11 | Vicar & Parishioners , St.Josephs Church Muriyad | 10,000 |
| 12 | Pathalookaran Lonappan Sons Panthalookaran, Kodakara | 20,000 |
| 13 | Dr. Jose Jacob Thekkumpuram, Kattoor | 20,000 |
| 14 | Rev Fr. Benjamin Chirayath | 12,000 |
| 15 | Vicar & Parishioners, St.Mathews Church, Thumboor | 12,000 |
| 16 | Shajan paul Ambookan, Thumboor | 18,000 |
| 17 | Jubin Varghese Therattil Chemmandakaran, Thumboor | 12,000 |
| 18 | P.L. Peter Parokkaran, Thumboor | 5,000 |
| 19 | P.L. Jose Parokkaran, Thumboor | 5,000 |
| 20 | Arsha Shiju Kombara, Pudukad | 5,000 |
| 21 | Principal MAPS School, Mettipadam | 5,000 |
| 22 | Vicar& Parishioners, St.Joseph's Church, Mettipadam | 10,000 |
| 23 | Superior De Paul Ashramam, Potta | 5,000 |
| 24 | Mathai Wilson Payyappilly, Puthenchira | 6,000 |

| | | |
|---|---|---|
| 25 | Dr. Joy Vargheese, Kattoor | 10,000 |
| 26 | Thressiama Joseph Edathalaparambil, Kalparambu | 5,000 |
| 27 | Vicar & Parishioners, St.Theresa's Church, Kottakal | 10,000 |
| 28 | T. A. Johny Alappatt Thekkethala, Parappukara | 50,000 |
| 29 | Francis Antony Madapilly, Palayamparambu | 12,000 |
| 30 | Joby Kannookadan, U. K. | 6,000 |
| 31 | Kochuthressia Antony Eluvathingal, Edathiruthy | 25,000 |
| 32 | Rev. Sr. Provincial Superior Charity, Potta | 10,000 |
| 33 | Alter Boys, St. Mary's Lourde Church, Elinjipra | 3,000 |

**ഫാ. വർഗ്ഗീസ് അരിക്കാട്ട് (Jr.)**
മാനേജിംഗ് ട്രസ്റ്റി

## ഈ മാസം പിറന്നാളും തിരുന്നാളും ആഘോഷിക്കുന്ന വൈദികർ

**Birth Day**

**November 1**
Rev. Fr. Jose A. Chittilappilly
Rev. Fr. Vineesh Vattoly

**November 3**
Rev. Fr. Joy Pereppadan

**November 5**
Rev. Fr. Pius Chittilappilly
Rev. Fr. George Pareman
Rev. Fr. Sebastian Aricatt

**November 6**
Rev. Fr. Antony Irimpan

**November 7**
Rev. Fr. Anto Thachil

**November 8**
Rev. Fr. Davis Malieckal

**November 12**
Rev. Fr. Antony Pudussery
Rev. Fr. Francis Kavil

**November 17**
Rev. Fr. Jojo Kuttikadan

**November 19**
Rev. Fr. Paul C. Ambooken
Rev. Fr. Joseph Mandakath

**November 23**
Rev. Fr. Sebastian Malieckal
Rev. Fr. Johnson Manadan

**November 24**
Rev. Fr. Vincent Chalissery

**November 27**
Rev. Fr. John Edattukaran
Rev. Fr. Joshy Kallely
Rev. Fr. Anto Karippai
Rev. Fr. Raphael Panjikaran

**November 29**
Rev. Fr. Anto G. Alappatt
Rev. Fr. Ignatius Chittilappilly
Rev. Fr. Justin Vazhappilly

**Feast Day**

**November 30**
Rev. Fr. Andrews Malieckal

# മതബോധനം

1. **ഗുരുദർശൻ ധ്യാനം**
   ഡിസംബർ 5-ാം തിയ്യതി മതാദ്ധ്യാപക പ്രാർത്ഥനാദിനം ആളൂർ ബി.എൽ.എം.ൽവെച്ച് നടത്തപ്പെടുന്നു. രാവിലെ 9 മണി മുതൽ 4 വരെ. രജിസ്ട്രേഷൻ ഫീസ് 25 രൂപ. രജിസ്ട്രേഷൻ അവസാന ദിവസം നവംബർ 30 വരെ.
2. **കൈയ്യെഴുത്തുമാസിക**
   നവംബർ 2 മുതൽ ഡിസംബർ 5 വരെയുള്ള തിയ്യതികളിൽ മാസിക മതബോധനകേന്ദ്രത്തിൽ സ്വീകരിക്കുന്നതാണ്. വിശദവിവരങ്ങൾ മതബോധന ഡയറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
3. **പ്രൈവറ്റ് രജിസ്ട്രേഷൻ**
   11, 12 ക്ലാസ്സിലെ കുട്ടികൾക്കുള്ള 2-ാമത്തെ ക്ലാസ്സ് ഡിസംബർ 5-ാം തിയ്യതി രാവിലെ 9 മുതൽ 4 വരെ. ഉച്ചഭക്ഷണം കൊണ്ടുവരേണ്ട താണ്.
4. **10,12 വാർഷിക പരീക്ഷ രജിസ്ട്രേഷൻ**
   രജിസ്ട്രേഷൻ നവംബർ 2 മുതൽ 30 വരെയായിരിക്കും. ഈ വർഷം മുതൽ ഓൺ ലൈൻ രജിസ്ട്രേഷൻ ആണ്. വിദ്യാജ്യോതിയുടെ വെബ്സൈറ്റായ www. vidyajyotiijk. com.-ൽ. Std. X, XIIന്റെ രജിസ്ട്രേഷൻ നടത്താനുള്ള സൗകര്യം ചെയ്തിട്ടുണ്ട്. ഓരോ യൂണിറ്റിന്റേയും User Nameഉം Passward..ഉം എല്ലാ പള്ളികളി ലേക്കും അയച്ചിട്ടുണ്ട്. സഹകരണം പ്രതീക്ഷിക്കുന്നു. രജിസ്ട്രേ ഷൻ ഫീസായ 25 രൂപയും രജിസ്ട്രേഷൻ ചെയ്ത ഷീറ്റും മതബോധന ഓഫീസിൽ എത്തിക്കേണ്ടതാണ്.

**ഫാ. ജോർജ്ജ് വേഴപറമ്പിൽ**
ഡയറക്ടർ

# ബൈബിൾ അപ്പസ്തോലേറ്റ്

2011 ലോഗോസ് ക്വിസ് പരീക്ഷയിൽ ഉന്നത വിജയം കരസ്ഥ മാക്കിയ ഏവർക്കും അഭിനന്ദനങ്ങൾ. ലോഗോസ് ക്വിസ് പരീക്ഷയുടെ നടത്തിപ്പിന് സഹായിച്ച, സഹകരിച്ച ഏവർക്കും ഒത്തിരി നന്ദി.

ഓരോ വിഭാഗത്തിലേയും 1, 2, 3 റാങ്കുനേടിയ വിജയികൾക്കാ യുള്ള (3X5=15) സംസ്ഥാന മത്സരം പി.ഒ.സി.യിൽവെച്ച് 2011 നവംബർ

27-ന് രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4 വരെ ആയിരിക്കും. അഖില കേരള മത്സര പരീക്ഷയിൽ പങ്കെടുക്കാനുള്ളവരുടെ ജനനസർട്ടിഫിക്കറ്റും (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്) ഇപ്പോഴത്തെ അഡ്രസ്സും ഓരോ ഫോട്ടോയും ഒക്ടോബർ 25-ാം തിയ്യതിക്ക് മുമ്പായി രൂപതാ മത ബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**2011 ലോഗോസ് ക്വിസ് പരീക്ഷയിലെ റാങ്ക് ജേതാക്കൾ**

**എ വിഭാഗം**

1. മരിയ റോസ് കടുപ്പൂക്കര
2. അലീന ആന്റണി ചാലക്കുടി ഫൊറോന
3. ഗിഫ്റ്റി ജിജു പുളിപറമ്പ്

**ബി വിഭാഗം**

1. സാന്ദ്ര ഇ. ജെ. കരാഞ്ചിറ
2. ജെസ്റ്റിൻ തോമസ് കുറ്റിക്കാട്
3. റോസ്മേരി കുര്യൻ വൈന്തല

**സി വിഭാഗം**

1. നവിത റോബർട്ട് വെള്ളാങ്കല്ലൂർ
2. ബ്ര. സോളമൻ തിരുഹൃദയ ഭവൻ ബി.എൽ.എം.
3. സി. വിമൽറോസ് CMC ഉദയ ഇരിങ്ങാലക്കുട

**ഡി വിഭാഗം**

1. റിനി ജോയ് കാട്ടൂർ
2. ഷീല പോൾ വെള്ളിക്കുളങ്ങര
3. മിസ്. ലാലി ജോസഫ് നീലംങ്കര

**ഇ വിഭാഗം**

1. മേരി സേവ്യാർ എലിഞ്ഞിപ്ര ലൂർദ്ദ്
2. മേരി തോമസ് തച്ചുടപറമ്പ്
3. ഓമന ഫ്രാൻസിസ് ചായ്പ്പൻകുഴി

**അവാർഡ് ദാനം**

2011 സെപ്തംബർ 25-ാം തിയ്യതി നടത്തിയ ലോഗോസ് ക്വിസ് പരീക്ഷയിൽ പങ്കെടുത്ത ഓരോ വിഭാഗത്തിലും 15 റാങ്ക് കരസ്ഥമാക്കിയവർക്കും എ വിഭാഗത്തിൽ 60-നു മുകളിലും ബിസിഡിഇ വിഭാഗങ്ങളിൽ 70 നു മുകളിലും മാർക്ക് കരസ്ഥമാക്കിയവർക്കുമുള്ള സർട്ടിഫിക്കറ്റുകളും അന്നേദിവസം ലഭിക്കുന്നതായിരിക്കും. സമ്മാനാർഹരായ എല്ലാവരും നിർബന്ധമായും എത്തിച്ചേരേണ്ടതാണ്.

**ഫാ. ജോർജ്ജ് വേഴപറമ്പിൽ**
ഡയറക്ടർ

# കൊടുങ്ങല്ലൂർ റിസർച്ച് അക്കാദമി ഫോർ മാർ തോമാ ഹെറിറ്റേജ്

## മാർ ജോസഫ് കരിയാറ്റിൽ അനുസ്മരണ സിംമ്പോസിയം

കൊടുങ്ങല്ലൂർ മെത്രാപ്പോലിത്തയും ഭാരത സുറിയാനിക്കാരുടെ പ്രഥമ ഏതദ്ദേശീയ മെത്രാനുമായ മാർ ജോസഫ് കരിയാറ്റിലിന്റെ 225-ാം ചരമ വാർഷികത്തിന്റേയും പാറേമാക്കൽ തോമ ഗോവർണ്ണദോറിന്റെ 275 -ാം ജന്മദിനാഘോഷത്തിന്റേയും സ്മരണയിൽ ഒരു സിംമ്പോസിയം 2011 നവംബർ 19 ന് (9.30 am-3.30 pm.) കൊടുങ്ങല്ലൂർ സെന്റ് മേരീസ് പള്ളി അങ്കണത്തിലുള്ള മാർ കരിയാറ്റി ഹാളിൽവെച്ച് നടത്തപ്പെടുന്നു. നിങ്ങ ളേവരേയും സാദരം ക്ഷണിക്കുന്നു. പ്രസ്തുത സിംമ്പോസിയത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഇരിങ്ങാലക്കുട രൂപതാഭവനത്തിൽ നവംബർ 15-ന് മുമ്പായി അറിയിക്കുക

9.30 am ഉദ്ഘാടനം
മാർ കരിയാറ്റിൽ -പാറേമാക്കൽ തോമാ ഗോവർണ്ണദോർ അനുസ്മരണ യോഗം

10.30 am പ്രബന്ധാവതരണം
റവ. ഡോ. ജെയിംസ് പുളിയുറമ്പിൽ
(പൗരസ്ത്യവിദ്യാപീഠം വടവാതൂർ - കോട്ടയം)

"ഭാരതസഭാ ചരിത്രത്തിൽ കൊടുങ്ങല്ലൂരിന്റെ പ്രാധാന്യവും കൊടുങ്ങല്ലൂർ മെത്രാപ്പോലിത്ത മാർ ജോസഫ് കരിയാറ്റിലിന്റെ പുന രൈക്യ ശ്രമങ്ങളും"

11 30 മുസിരിസ് പൈതൃക പദ്ധതിയും
കൊടുങ്ങല്ലുരിന്റെ പാരമ്പര്യവും

## അൽമായർക്കുള്ള ദൈവശാസ്ത്ര കോഴ്സ്

അൽമായർക്കുള്ള ദൈവശാസ്ത്ര കോഴ്സിന്റെ 3-ാം സെഷൻ 'ബൈബിൾ വിജ്ഞാനീയം പഴയനിയമത്തിൽ'എന്നതിനെ അടിസ്ഥാ നപ്പെടുത്തി 2011 ഒക്ടോബർ 29 മുതൽ ഡിസംബർ 3 വരെ കല്ലേറ്റുംകര പാക്സിൽ ശനിയാഴ്ചകളിൽ 9.30 മുതൽ 3.30 വരെ ക്ലാസ്സുകൾ നടത്തപ്പെടുന്നു.

ഒക്ടോബർ 29 പഴയനിയമത്തിന് ഒരാമുഖം
റവ. ഫാ. ജോൺസൺ കുണ്ടുകുളം

നവംബർ 5 പഞ്ചഗ്രന്ഥി - പഠനങ്ങൾ
ഉത്പത്തി, പുറപ്പാട്, ലേവ്യാർ
റവ. ഡോ. പോൾ കല്ലുവീട്ടിൽ

നവംബർ 12 പഞ്ചഗ്രന്ഥി പഠനങ്ങൾ
സംഖ്യ, നിയമാവർത്തനം
റവ. ഡോ. പോൾ കല്ലുവീട്ടിൽ
നവംബർ 19 മാർ ജോസഫ് കരിയാറ്റിയുടെ 225-ാം ചരമവാർഷിക
അനുസ്മരണ സിംമ്പോസിയം - കൊടുങ്ങല്ലൂർ
നവംബർ 26 സങ്കീർത്തനങ്ങൾ, ജ്ഞാനം
റവ. ഡോ. ഡേവിസ് തെക്കേക്കര
ഡിസംബർ 3 പ്രവാചകന്മാർ
റവ. ഡോ. ഡേവിസ് തെക്കേക്കര

കോഴ്സിൽ പങ്കെടുക്കുന്നവരെ പ്രത്യേകം ക്ഷണിക്കുന്നു.

**ഫാ. ഡോ. ഡേവിസ് ചെങ്ങിനിയാടൻ**
ഡയറക്ടർ

## ഉപന്യാസ രചനാ മത്സരം

മാർ ജോസഫ് കരിയാറ്റി മെത്രാപ്പോലിത്തയുടെ 225-ാം ചരമ വാർഷികത്തോടും പാറേമാക്കൽ തോമാ ഗോവർണ്ണദോറുടെ 275-ാം ജന്മ ദിനാഘോഷത്തോടും അനുബന്ധിച്ച് ഒരു ഉപന്യാസ രചനാ മത്സരം സംഘടിപ്പിച്ചിരിക്കുന്നു.

**വിഷയങ്ങൾ**

1. അൽമായർ (35 വയസ്സിനു മുകളിൽ) ഭാരത സഭാചരിത്രത്തിൽ കൊടുങ്ങല്ലൂരിനു പ്രാധാന്യം
2. സന്യസ്തർ, കൊടുങ്ങല്ലൂർ മെത്രാപ്പോലീത്ത മാർ ജോസഫ് കരിയാറ്റിയും സഭാ പുനരൈക്യശ്രമങ്ങളും
3. കോളേജ് വിദ്യാർത്ഥികൾ

മലയാളസാഹിത്യത്തിൽ ഭാരത സഭാ ശ്രേഷ്ഠരായ മാർ ജോസഫ് കരിയാറ്റിലിന്റേയും പാറേമാക്കൽ തോമാ ഗോവർണ്ണദോറുടെയും പങ്ക്.

**സമ്മാനങ്ങൾ** (ഓരോ വിഭാഗത്തിനും തിരിച്ച്)

1-ാം സ്ഥാനം 5000 രൂപയും ട്രോഫിയും
2-ാം സ്ഥാനം 3000 രൂപയും ട്രോഫിയും
3-ാം സ്ഥാനം 1000 രൂപയും ട്രോഫിയും
മറ്റു 5 പ്രോത്സാഹന സമ്മാനങ്ങൾ

**നിബന്ധനകൾ**

1. പ്രായഭേദമെന്യേ ആർക്കും മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. രചനകൾ സ്വതന്ത്രവും സ്വന്തവും ആയിരിക്കണം.
2 അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ, പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏൽപിച്ചിട്ടുള്ളതോ ആയിരിക്കരുത്.

3 രചനകളിൽ പേരോ, വിലാസമോ എഴുതരുത്. പേരും വിലാസവും മറ്റൊരു പേപ്പറിലെഴുതി പിൻ ചെയ്തിരിക്കണം
4 ഫുൾസ്കാപ്പ് പേപ്പറിൽ 16 പേജിൽ ഒതുങ്ങുന്നതായിരിക്കണം ലേഖനം
5 ലേഖനങ്ങൾ ലഭിക്കേണ്ട അവസാന തിയ്യതി 2011 മെയ് 1.
6 സമ്മാനാർഹമാകുന്ന കൃതികൾ കേരളസഭ മാസികയിൽ പ്രസിദ്ധീകരിക്കുന്നതാണ്.
7 സമ്മാനങ്ങൾ 2011 മെയ് 21-ാം തിയ്യതി ആളൂർ ബി.എൽ.എം.-ൽവച്ച് നടക്കുന്ന കേരളസഭ സെമിനാറിൽവച്ച് നൽകുന്നതായിരിക്കും.
8. കൂടുതൽ വിവരങ്ങൾക്ക് ഫാ. ടൈറ്റസ് കാട്ടുപറമ്പിൽ,

ഫോൺ. 9495883637

**ഫാ. ടൈറ്റസ് കാട്ടുപറമ്പിൽ**
എക്സി. ഡയറക്ടർ KRAMTH

## ചെന്നൈ മിഷൻ വാർത്തകൾ

* സീറോമലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയുടെ ലെയ്റ്റി കമ്മീഷന്റെ ആഭിമുഖ്യത്തിൽ ചെന്നൈ സീറോമലബാർ സഭ നേതൃത്വമെടുത്ത് നടത്തുന്ന Laity Conference 2011 കീഴ്ക്കട്ളൈ ഹോളി ഫാമിലി സ്ക്കൂൾ ഓഡിറ്റോറിയത്തിൽവെച്ച് നവംബർ 6-ാം തിയ്യതി നടത്തുന്നു. അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടനും ലൈറ്റി കമ്മീഷന്റെ ചെയർമാൻ അഭിവന്ദ്യ മാർ മാത്യു അറയ്ക്കലും ലൈറ്റി കമ്മീഷൻ സെക്രട്ടറി അഡ്വ. വി. സി. സെബാസ്റ്റ്യനും ഈ കോൺഫ്രൻസിൽ സന്നിഹിതരായിരിക്കും. തെരഞ്ഞെടുക്കപ്പെട്ട 500 അത്മായ നേതാക്കൾ ഈ യോഗത്തിൽ പങ്കെടുക്കും.
* നവംബർ 21 തിങ്കളാഴ്ച അച്ചന്മാരുടെ മാസധ്യാനം പൂനമല്ലി ക്രിസ്തുരാജ ദേവാലയത്തിൽവെച്ച് നടത്തപ്പെടുന്നു.
* പൂനമല്ലി യൂണിറ്റിന്റെ മദ്ധ്യസ്ഥനായ ക്രിസ്തുരാജന്റെ തിരുന്നാൾ നവം 27-ാം തിയ്യതി ആഘോഷിക്കുന്നു.
* മിഷൻ അപ്പീൽ വഴിയായി ചെന്നൈ മിഷനെ സഹായിച്ച എല്ലാ വികാരിയച്ചന്മാർക്കും ഇടവക ജനങ്ങൾക്കും നന്ദി.

**സഹായിച്ച പള്ളികൾ**

മാള ഫൊറോന പള്ളി ............................ 2,30,000.00
ബെത്‌ലഹേം എലിഞ്ഞപ്ര ..................... 64,500.00

**മോൺ. ജോസ് പാലാട്ടി**
ചെന്നൈ മിഷൻ കോ-ഓർഡിനേറ്റർ

## സോഷ്യൽ ആക്ഷൻ

1 നവംബർ 4-ന് ഉച്ചതിരിഞ്ഞ് 2 മുതൽ 4 വരെ കയ്പ്പമംഗലം ഫിഷറീസ് എൽ.പി സ്ക്കൂൾ ഹാളിൽ വെച്ച് ശ്രീമതി പ്രിയ ഷിനിൽ നയിക്കുന്ന Capacity Building Traing To Women Activity Groups

2. നവംബർ 7 മുതൽ 11 വരെ പെരിഞ്ഞനം പഞ്ചായത്ത് വാർഡ് 1-ൽ ടൈലറിംഗ് പരിശീലനം

3. നവംബർ 12-ന് പെരിഞ്ഞനം 1-ാം നമ്പർ അംഗൻവാടിയിൽ ശ്രീമതി പ്രിയ ഷിനിൽ നയിക്കുന്ന പ്രവർത്തിക ഗ്രൂപ്പിൽപ്പെട്ടവർക്ക് ക്ലാസ്സ്, MANOS UNIDAS പദ്ധതിൽപ്പെട്ടവർക്കായി

4. നവംബർ 18ന് രാവിലെ 10.30 മുതൽ 2.30 വരെ ഇരിങ്ങാലക്കുട ഫൊറോനയിൽപ്പെട്ട ഗ്രാമശ്രീ സ്വാശ്രയസംഘ നേതാക്കൾക്കായി SAFI ഓഡിറ്റോറിയത്തിൽവെച്ച് നേതൃസംഗമം 2011

5. നവംബർ 21-ന് രാവിലെ 10.30 മുതൽ 2.30 വരെ പറപ്പൂക്കര, എടത്തിരുത്തി ഫൊറോനയിൽപ്പെട്ട ഗ്രാമശ്രീ സ്വാശ്രയസംഘ നേതാക്കൾക്കായി SAFI ഓഡിറ്റോറിയത്തിൽവെച്ച് നേതൃസംഗമം 2011

6. നവംബർ 15-ന് രാവിലെ Social Forum, Social Action Forum Staff, Directors പങ്കെടുക്കുന്ന Exposure Visit

7. നവംബർ 22 ന് രാവിലെ 10.30 മുതൽ 12.30 വരെ കൊടകര, ഫൊറോനയിൽപ്പെട്ട ഗ്രാമശ്രീ സ്വാശ്രയസംഘ നേതാക്കൾക്കായി കൊടകര ഫൊറോനപള്ളി ഹാളിൽവെച്ച് നേതൃസംഗമം 2011

8. നവംബർ 28 പുത്തൻചിറ, കൽപ്പറമ്പ്, ഫൊറോനയിൽപ്പെട്ട ഗ്രാമശ്രീ സ്വാശ്രയസംഘ നേതാക്കൾക്കായി വെള്ളാങ്കല്ലൂർ പള്ളി ഹാളിൽ വെച്ച് നേതൃസംഗമം 2011

9. നവംബർ 24 സോഷ്യൽ ആക്ഷൻ ഓഡിറ്റോറിയത്തിൽവെച്ച് കാലാവധി അവസാനിക്കുന്ന സോഷ്യൽ ആക്ഷൻ ഫോറം ജനറൽ ബോഡി (2009-11) അംഗങ്ങളുടെ യാത്രയയപ്പ് യോഗം.

10. നവംബർ 29 ന് രാവിലെ 10.30 മുതൽ 12.30 വരെ മാള, അമ്പഴക്കാട് ഫൊറോനയിൽപ്പെട്ട ഗ്രാമശ്രീ സ്വാശ്രയസംഘ നേതാക്കൾക്കായി അന്നമനട പള്ളിഹാളിൽവെച്ച് നേതൃസംഗമം 2011

11. ഡിസംബർ 1ന് ചാലക്കുടി, കുറ്റിക്കാട് ഫൊറോനയിൽപ്പെട്ട ഗ്രാമശ്രീ സ്വാശ്രയസംഘ നേതാക്കൾക്കായി ചാലക്കുടി ഫൊറോന പള്ളി ഹാളിൽവെച്ച് നേതൃസംഗമം 2011

12. ഡിസംബർ 3 ന് വികലാംഗ ദിനത്തോടനുബന്ധിച്ച് 90 പേർക്ക് SLF പദ്ധതിപ്രകാരം സഹായവിതരണം.

## അറിയിപ്പ്

സോഷ്യൽ ആക്ഷന്റെ നേതൃത്വത്തിൽ കേന്ദ്രഗവൺമെന്റും യുണൈറ്റഡ് ഇന്ത്യ ഇൻഷൂറൻസ് കമ്പനിയും സംയുക്തമായി നടത്തിവരുന്ന വിവിധ മെഡി ക്ലെയിം ഇൻഷൂറൻസ് പദ്ധതികൾ (01. 01. 2012 – 31. 12. 2012)

1. **വിശ്വ ആരോഗ്യപദ്ധതി ബി.പി.എൽ 2012 :** ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഇതര വിഭാഗങ്ങൾക്കായി ഭാരതസർക്കാർ ആരംഭിച്ച ചികിൽസ പദ്ധതിയാണ് വിശ്വആരോഗ്യപദ്ധതി. ഒരു വർഷം 30,000 രൂപ ഈ പദ്ധതിപ്രകാരം ലഭിക്കുന്നു. പോളിസി ഉടമ അപകടം മൂലം മരണമടഞ്ഞാൽ 25,000 രൂപ ലഭിക്കും. അപകടം മൂലം ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടാൽ പോളിസി ഉടമയ്ക്ക് ഒരു ദിവസത്തേക്ക് 50 രൂപവെച്ച് 15 ദിവസത്തേക്ക് ആനുകൂല്യം ലഭിക്കും. ആദ്യത്തെ 3 ദിവസത്തേക്ക് ഒന്നും ലഭിക്കുകയില്ല. നിലവിലുള്ള ബി.പി.എൽ പോളിസി ഉടമയ്ക്ക് പുതുക്കാനും പുതിയവർക്ക് ചേരുവാനും സാധിക്കും. ഈ പോളിസിയിലെ എ.പി.എൽ വിഭാഗക്കാർക്ക് പുതുക്കാൻ സാധ്യമല്ല.

2 **Personal Accideny Insurence**

A) പ്രീമിയം 40 രൂപ
അപകടത്തിൽപ്പെട്ടാൽ മരണത്തിനു മാത്രം 1,00,000 രൂപ

B) Death, PTD, PPD, Temporary, Total Disablement
Premium- Rs 150
Rs. 1000 Per Week for 105 weeks.
Death - 1,00,000

NB: ചികിത്സാനുകൂല്യം ലഭ്യമല്ല.

3. **യൂണി സാന്ത്വന ഇൻഷൂറൻസ്**
ഏതു വിധത്തിലുള്ള അപകടം മൂലവും ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടാൽ ചികിത്സാനുകൂല്യവും മരണം സംഭവിച്ചാൽ സഹായവും ലഭിക്കുന്നു. പ്രായപരിധി – 10 – 65 വയസ്സ്

| | **Scheme A (Rs. 500)** | **Scheme A (Rs. 250)** |
|---|---|---|
| അപകടം മൂലം മരണം സംഭവിച്ചാൽ | 1,00,000 | 50,000 |

| | | |
|---|---|---|
| ആശുപത്രി ചിലവിലേക്ക് | 1,00,000 | 50,000 |
| മരണാനന്തരക്രിയകൾക്കും മറ്റുചിലവുകൾക്കും | 11,000 | 5,500 |

**3. ഫാമിലി മെഡികെയർ പോളിസി :-**

ഏതു വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കും ചേരാവുന്ന പോളിസിയാണിത്. ഒരു ലക്ഷം രൂപയാണ് ചികിൽസാനുകൂല്യം. കുടുംബനാഥന്റെ പ്രായം കണക്കാക്കി പ്രീമിയം തുക നിശ്ചയിക്കുന്നു. നിലവിലുള്ള എ.പി.എൽ. പോളിസികൾക്ക് ഈ പോളിസിയിൽ പുതുക്കാവുന്നതാണ്. 80 ശതമാനം ആശുപത്രികളിലും പണമടയ്ക്കാതെ ചികിൽസ ലഭ്യമാണ്. ബാക്കി ആശുപത്രികളിൽ ബില്ലു കൾ സോഷ്യൽ ആക്ഷൻ ഓഫീസിൽ സമർപ്പിച്ച് ക്ലെയിം ചെയ്യാവുന്നതാണ്. പദ്ധതി കാലാവധി : 01-01-2012 മുതൽ 31-12-2012

വിശദവിവരങ്ങൾ തുടങ്ങിയവ, നോട്ടീസ് പിന്നീട് ലഭിക്കുന്നതാണ്.

**ഫാ. ആന്റണി മൂക്കാട്ടുകരക്കാരൻ**

ഡയറക്ടർ

## ബി എൽ എം ധ്യാനകേന്ദ്രം

ബഹുമാനപ്പെട്ട വൈദികരെ,

നമ്മുടെ രൂപതയുടെ ധ്യാനകേന്ദ്രമായ ബി എൽ എം ൽ എല്ലാ വ്യാഴാഴ്ചകളിലും ആരംഭിച്ച് ഞായറാഴ്ചകളിൽ അവസാനിക്കുന്ന ക്രമത്തിൽ താമസിച്ചുള്ള ധ്യാനം ഒരുക്കിയിട്ടുണ്ട്. ഈ ധ്യാനത്തിന്റെ വിശദവിവരങ്ങൾ എല്ലാ മാസവും നമ്മുടെ രൂപത ബുള്ളറ്റിനിലെ ബി.എൽ. എം. വാർത്തകളിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ ധ്യാനങ്ങളെക്കുറിച്ച് നമ്മുടെ ഇടവക സമൂഹത്തെ ഞായറാഴ്ച വി. കുർബ്ബാന മദ്ധ്യേയും കുടുംബസമ്മേളനം വഴിയും അറിയിക്കുവാൻ വികാരിയച്ചന്മാർ താല്പര്യം എടുക്കണമെന്ന് സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

**ഡയറക്ടർ**

ബി.എൽ.എം. ധ്യാനകേന്ദ്രം

**PRAKRUTHI**
KOTTANELLUR
PH. 2618 457

**VIANNEY HOME**
PULIYILAKUNNU
PH: 2891 850

## സഭാവാർത്തകൾ

**1 അസ്സീസി സമാധാന സമ്മേളനം**

സമാധാനത്തിന്റെ പ്രവാചകനായ വി. ഫ്രാൻസിസ് അസ്സീസിയുടെ ജന്മനാടായ അസ്സീസിയിൽ വീണ്ടുമൊരു ലോകസമാധാന സമ്മേളനം നടക്കുന്നു. ഒക്ടോബർ 27-ന് ലോകത്തിലെ വിവിധ മതനേതാക്കളെ സംഘടിപ്പിച്ചുകൊണ്ട് വത്തിക്കാന്റെ നേതൃത്വത്തിൽ സർവ്വമതസമാധാന സമ്മേളനം സംഘടിപ്പിക്കുകയുണ്ടായി. ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ നേതൃത്വത്തിൽ 1986 ഒക്ടോബർ 27-ന് അസ്സീസിയിൽ നടന്ന ചരിത്രപരമായ സമാധാന സമ്മേളനത്തിന്റെ 25-ാം വാർഷികം പ്രമാണിച്ചാണ് വീണ്ടുമൊരു തീർത്ഥാടനവും സമ്മേളനവും സംഘടിപ്പിച്ചത്.

**2 മാർ ജോർജ്ജ് ആലഞ്ചേരി മാർപാപ്പയുമായി കൂടിക്കാഴ്ച**

മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരിയുടെ നേതൃത്വത്തിലുള്ള സീറോമലബാർ സഭയുടെ മെത്രാപ്പോലീത്താമാർ ഉൾപ്പെടെയുള്ള മെത്രാൻസംഘം ഒക്ടോബർ 17-ന് വത്തിക്കാനിൽ ബെനഡിക്ട് 16-ാമൻ മാർപാപ്പയെ സന്ദർശിക്കുകയുണ്ടായി. സീറോമലബാർ സഭ സമൂഹത്തിന്റെ മുഴുവൻ ആദരവിന് അർഹമായതിന് പിന്നിലുള്ള വിദ്യാഭ്യാസ, സാമൂഹ്യ, ആതുരശുശ്രൂഷാമേഖലകളിലെ സേവനങ്ങളിൽ മാർപാപ്പ സംതൃപ്തി അറിയിച്ചു. നിങ്ങളുടെ ആരാധനക്രമപൈതൃകം സംരക്ഷിക്കുകവഴി വിശ്വാസത്തിൽ പിതാക്കന്മാരായവർ കൈമാറിയതനുസരിച്ച് നിങ്ങളുടെ വിശ്വാസിസമൂഹം ദൈവവചനത്താലും കൂദാശകളാലും പരിപോഷിപ്പിക്കപ്പെട്ടുവെന്നും മാർപാപ്പ ചൂണ്ടിക്കാട്ടി.

**3 വിശുദ്ധരായി പ്രഖ്യാപിച്ചു**

മിഷൻ ഞായറാഴ്ചയായ ഒക്ടോബർ 23-ന് വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസ്ലിക്കായുടെ അങ്കണത്തിൽ അർപ്പിച്ച വി. കുർബാനയുടെ മധ്യേ 3 പേരെ ബെനഡികട് പതിനാറാമൻ മാർപാപ്പ വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തി. ഇറ്റലിക്കാരായ ബിഷപ്പ് മോൺ. ഗിഡോ മരിയ കോൺഫോർട്ടി, ഫാ. ലൂയിജി ഗ്വാനെല, സ്പെയിൻകാരിയായ സിസ്റ്റർ ബോണിഫേഷ്യ റോദ്രിഗസ് എന്നിവരെയാണ് വിശുദ്ധരായി പ്രഖ്യാപിച്ചത്. മൂന്നുപേരും സന്യാസസഭാസ്ഥാപകരാണ്.

**4 കോട്ടപ്പുറം രൂപതയുടെ രജതജൂബിലി**

"പൈതൃകഭൂവിൽ നവജനമായ്" എന്ന ആഹ്വാനവുമായി കോട്ടപ്പുറം രൂപതയുടെ രജതജൂബിലിയാഘോഷങ്ങൾക്ക് തിരിതെളിഞ്ഞു.

ജൂബിലി വർഷത്തിന്റെ ഇടവകതല ഉദ്ഘാടനം ഒക്ടോബർ 16-ന് വിവിധ പരിപാടികളോടെ നടന്നു. ചരിത്രം, വിദ്യാഭ്യാസം, ആത്മീയം, യുവജനം, സാമൂഹ്യം, സമുദായം, പരിസ്ഥിതി എന്നിങ്ങനെ ഏഴു മേഖലകളിലൂടെ പ്രവർത്തനങ്ങൾക്കാണ് ജൂബിലി വർഷത്തിൽ രൂപ താതലത്തിൽ ഊന്നൽ നൽകിയിട്ടുള്ളത്.

5 **ലോകസാമ്പത്തിക ക്രമത്തെപ്പറ്റി വത്തിക്കാൻ**

ധാർമ്മികതയ്ക്കും പൊതുനന്മയ്ക്കും ഊന്നൽ നൽകി ലോകസാമ്പത്തികക്രമം പരിഷ്ക്കരിക്കണമെന്ന് വത്തിക്കാൻ ഈയിടെ നിർദ്ദേശിച്ചു. സാമ്പത്തിക വിതരണം കൂടുതൽ നീതിയുക്തമാക്കണമെന്ന് നീതിക്കും സമാധാനത്തിനും വേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിൽ പുറത്തിറക്കിയ രേഖയിൽ നിർദ്ദേശിച്ചു

6 **വടവാതൂർ സെമിനാരി ജൂബിലി നിറവിൽ**

2012-ൽ അമ്പത് വർഷം പൂർത്തിയാക്കുന്ന കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി സുവർണ്ണജൂബിലി വർഷത്തിലാണിപ്പോൾ. 2012 ജനുവരി 14-ന് സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെയും മറ്റു പിതാക്കന്മാരുടെയും സാന്നിധ്യത്തിൽ ജൂബിലി സാഘോഷം കൊണ്ടാടാനുള്ള ഒരുക്കങ്ങൾ പൂർത്തിയായി.

7 **സീറോമലബാർ അല്മായ സമ്മേളനം ചെന്നൈയിൽ**

ഭാരതത്തിൽ ഡൽഹി, ബാംഗ്ലൂർ, ഹൈദ്രാബാദ് തുടങ്ങി വിവിധ വൻ നഗരങ്ങളിൽ സീറോമലബാർ അല്മായ കമ്മീഷന്റെ നേതൃത്വത്തിൽ അല്മായ സമ്മേളനങ്ങൾ വിജയകരമായി സംഘടിപ്പിച്ചു. ചെന്നൈയിൽ സീറോമലബാർ സഭാ അല്മായ സമ്മേളനം നവംബർ 6-ന് കീഴ്ക്കട്ടളൈ ഹോളിഫാമിലി സ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കും. ബിഷപ്പ് മാർ പോളി കണ്ണൂക്കാടന്റെ അദ്ധ്യക്ഷതയിൽ അല്മായ കമ്മീഷന്റെ ചെയർമാൻ മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്യും

**റവ. ഡോ. ആന്റണി മഞ്ഞളി**



## എമ്മാനുവേൽ 2011

അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രം ഡയറക്ടർ ബഹു. സേവ്യാർഖാൻ വട്ടായിലച്ചൻ നയിക്കുന്ന എമ്മാനുവേൽ 2011 ബൈബിൾ കൺവെൻഷൻ നവംബർ 11, 12, 13 തിയ്യതികളിൽ സ്പിരിചാലിറ്റി സെന്ററിൽ.

# സംഘടനാവാർത്തകൾ

## സി.എൽ.എ.

**വേൾഡ് സോളിഡാരിറ്റി മൂവ്മെന്റ് (WSM) ബെൽജിയത്തിൽ നിന്നുള്ള പ്രവർത്തകർക്ക് സ്വീകരണവും കേന്ദ്രഗവൺമെന്റ് പെൻഷൻ പദ്ധതിയായ 'KLM സുരക്ഷാ' രൂപതാതല ഉദ്ഘാടനവും**

WSM-ന്റെ 36 പ്രതിനിധികൾ ഇരിങ്ങാലക്കുട രൂപത C.L.A-യുടെ പ്രവർത്തനങ്ങൾ അറിയുന്നതിനും പഠിക്കുന്നതിനും എത്തിച്ചേർന്നു.ക്രിസ്ത്യൻ വർക്കേഴ്സ് മൂവ്മെന്റ് (CWM) ജനറൽ സെക്രട്ടറി ശ്രീ. ജി. മംഗൽരാജിന്റെ അദ്ധ്യക്ഷതയിൽ കല്ലേറ്റുംകര പാക്സിൽ നടന്ന പൊതുസമ്മേളനത്തിൽ പ്രതിനിധികൾക്ക് സ്വീകരണം നൽകി അഭിവന്ദ്യ പിതാവ് മാർ പോളി കണ്ണൂക്കാടൻ സമ്മേളനവും KLM സുരക്ഷാ പദ്ധതിയും ഉദ്ഘാടനം ചെയ്തു. CLA ഡയറക്ടർ ഫാ. ആന്റോ കരിപ്പായി സ്വാഗതം പറഞ്ഞു. രൂപതാ ചാൻസലർ റവ. ഫാ. ഡോ. ക്ലമന്റ് ചിറയത്ത്, റവ. ഫാ. ഡോ. പോളി പടയാട്ടി PACS ഡയറക്ടർ), ശ്രീ ഇ. സി ആന്റോ (CLA പ്രസിഡന്റ്) ശ്രീ ജോൺ കെന്നഡി (ജനറൽ സെക്രട്ടറി) എന്നിവർ സംസാരിച്ചു. മാർതോമാ ക്രിസ്ത്യാനികളുടെ കലാരൂപമായ മാർഗ്ഗംകളി കാണുന്നതിനുള്ള അവസരം വിദേശികൾക്ക് ഒരുക്കി കൊടുത്തു.

സി.എൽ.എ. യുടെ സംസ്ഥാന ഘടകമായ KLM ന്റെ തൃശൂർ ജില്ലാ സമ്മേളനം തൃശൂർ ടൗൺ ഹാളിൽ 18-12-2011 ന് അതിരൂപത സഹായ മെത്രാൻ മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്യും. നവംബർ 6-ാം തിയ്യതി 2.30 ന് തയ്യൽ തൊഴിലാളികളുടെ കാർഡു വിതരണം ആളൂർ ബി. എൽ. എം. ൽ നടത്തുന്നു. നവംബർ 20-ാം തിയ്യതി 2.30 ന് ആളൂർ മാർതോമാ സെന്ററിൽ CLA ഇടവക ഭാരവാഹികളുടെ ഒരു യോഗം നടത്തുന്നു. പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരെ യോഗത്തിൽ പങ്കെടുപ്പിക്കുമല്ലോ.

**ഫാ. ആന്റോ കരിപ്പായി**
ഡയറക്ടർ

## സെന്റ് പോൾസ് മൈനർ സെമിനാരി

1 ഇറ്റലിയിലെ ടൂറിനിൽനിന്ന് കൊണ്ടുവന്ന വിശുദ്ധ ഡോൺബോസ്‌ക്കോയുടെ തിരുശേഷിപ്പ് ഇരിങ്ങാലക്കുട കത്തീഡ്രലിൽ വണങ്ങി പ്രാർത്ഥിച്ചു.

2 വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് ഇരിങ്ങാലക്കുട ലിറ്റിൽ ഫ്ളവർ മഠത്തിൽ ആരാധനയിൽ പങ്കുചേർന്നു. അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് പരിശുദ്ധ കുർബ്ബാനയുടെ ആശിർവ്വാദം നൽകി.

3 മലയാളം സാഹിത്യസമാജത്തിൽ സിസ്റ്റർ എലിസബത്ത് SABS അദ്ധ്യക്ഷത വഹിച്ച് സന്ദേശം നൽകി.

4 അഭിവന്ദ്യ ജെയിംസ് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി സമാപന ദിനത്തിൽ (ഒക്ടോബർ 3) ദിവ്യബലി അർപ്പിച്ച് ആശംസകൾ നേർന്നു. അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവ് മുഖ്യാതിഥി ആയിരുന്നു.

5 സെമിനാരിയിൽ വാർഷികധ്യാനം നയിച്ചത് ബഹു. പോളി കണ്ണൂക്കാടൻ അച്ചനായിരുന്നു. ലോഗോസ് ക്വിസിൽ എല്ലാവരും പങ്കെടുത്തു.

6 ആഗോള മിഷൻ ഞായർ ആചരണത്തോടനുബന്ധിച്ച് മിഷൻ പിരിവും ലേലവും ഉണ്ടായിരുന്നു.

7. ടെക് തത്വ ശാസ്ത്ര- വിദ്യ എക്‌സിബിഷൻ പ്ലസ് വൺ വിദ്യാർത്ഥികൾ പങ്കെടുത്തു, ഇരിങ്ങാലക്കുട കാത്തലിക്ക് സെന്ററിൽ.

8. ഇംഗ്ലീഷ് സാഹിത്യസമാജത്തിൽ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ ഇംഗ്ലീഷ് ലക്ചറൽ ബഹു. ഫാ. യേശുദാസ് CMI അദ്ധ്യക്ഷത വഹിച്ചു.

9 കെ.സി.ബി.സി. അവാർഡ് ജേതാവ് ശ്രീ. പറവൂർ ജോർജ്ജ് കലയും വ്യക്തിത്വ വികസനവും എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുത്തു.

10 ഇരിങ്ങാലക്കുട കത്തീഡ്രലിൽ ആഘോഷമായ ജപമാലക്ക് സെമിനാരി വിദ്യാർത്ഥികൾ നേതൃത്വം നൽകി.

**സാമ്പത്തികസഹായം നൽകിയവർ**

1 ശ്രീ. സണ്ണി മാമ്പിള്ളി ഇരിങ്ങാലക്കുട
2 ശ്രീ. ജോസ് & മേരി ചിറ്റിലപ്പിള്ളി, മണ്ണൂക്കാട്
3 ശ്രീ. അനൂപ് തോമസ് വലിയവീട്ടിൽ എടത്തിരുത്തി.
4 ശ്രീ. എ. ജെ തോമസ് & ഫാമിലി, അറക്കപാടൻ, ഇരിങ്ങാലക്കുട
5 ശ്രീമതി റോസിലി മത്തായി തകടിയിൽ, പോട്ട
6 ബിഷപ്പ് ജെയിംസ് പഴയാറ്റിൽ (50,000)
7 ശ്രീ. എ. ടി. തോമസ്, കൊടകര

**ഫാ. വർഗ്ഗീസ് പാലത്തിങ്കൽ,** റെക്ടർ

# ബി.എൽ.എം. ധ്യാനകേന്ദ്രം

ഇരിങ്ങാലക്കുട രൂപതാ ധ്യാനകേന്ദ്രമായ ആളൂർ ബി.എൽ.എം-ലെ
നവംബർ മാസത്തിലെ താമസിച്ചുള്ള ധ്യാനങ്ങൾ

| | | |
|---|---|---|
| 3, 4, 5, 6, | - | പരിശുദ്ധാത്മാഭിഷേകധ്യാനം |
| 10, 11, 12, 13 | - | യുവജനധ്യാനം |
| 17, 18, 19, 20 | - | ആന്തരികസൗഖ്യധ്യാനം |
| 20, 21, 22, 23 | - | വളർച്ചാ ധ്യാനം |

**ബി.എൽ.എം. ധ്യാനകേന്ദ്രത്തിലെ മറ്റു ശുശ്രൂഷകൾ**

* **നിത്യാരാധന - മദ്ധ്യസ്ഥപ്രാർത്ഥന**
  എല്ലാ ദിവസവും രാവിലെ 10 മണി മുതൽ വൈകീട്ട് 4.00 വരെ.
* **വചനപ്രഘോഷണവും - ദിവ്യകാരുണ്യസൗഖ്യാരാധനയും**
  എല്ലാ വ്യാഴാഴ്ചകളിലും രാവിലെ 9.30 മണി മുതൽ വൈകീട്ട് 3.00 മണി വരെ.
* **വിധവകൾക്കുള്ള ഏകദിന ധ്യാനം**
  രണ്ടാം തിങ്കളാഴ്ച (14.11.2011) രാവിലെ 10 മുതൽ വൈകീട്ട് 3.30 വരെ
* **ഏകസ്ഥർക്കുള്ള ഏകദിനധ്യാനം**
  മൂന്നാമത്തെ തിങ്കളാഴ്ച (21. 11. 2011) രാവിലെ 9..30 മണി മുതൽ വൈകീട്ട് 2.00 മണി വരെ
* **ദമ്പതികളുടെ കൂട്ടായ്മ**
  മൂന്നാമത്തെ ഞായറാഴ്ച (20. 11. 2011) 1.30 pm മുതൽ 4.30 pm വരെ
* **മക്കളില്ലാത്ത ദമ്പതികളുടെ കൂട്ടായ്മ**
  നാലാമത്തെ ഞായറാഴ്ച (27. 11. 2011) 2.00 മുതൽ 4.30 വരെ
* **ജാഗരണ പ്രാർത്ഥന**
  രണ്ടാമത്തെ ചൊവ്വാഴ്ച (8. 11. 2011) വൈകീട്ട് 6.00 മണി മുതൽ 6.00 മണി വരെ
* എല്ലാ ശുശ്രൂഷകളിലും വിശുദ്ധ കുർബ്ബാന, കുമ്പസാരം, ആരാധന, ആത്മാഭിഷേക പ്രാർത്ഥന എന്നിവ ഉണ്ടായിരിക്കും.
* താമസിച്ചുള്ള ധ്യാനം എല്ലാ വ്യാഴാഴ്ചയും ഉച്ചതിരിഞ്ഞ് 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച 3 മണിക്ക് സമാപിക്കുന്നതാണ്.

  വിശദവിവരങ്ങൾക്ക് ബി.എൽ.എം ധ്യാനകേന്ദ്രവുമായി ബന്ധപ്പെടുക. 0480-2720272, 2728406, മൊബൈൽ :-8089975424.

**ഫാ. ജോയ് തറക്കൽ**
ഡയറക്ടർ

# അവാർഡ്

1. **മരിച്ചവരുടെ അനുസ്മരണം :** അവാർഡ് കുടുംബവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച് മരണംമൂലം വേർപിരിഞ്ഞ് നിത്യതയിൽ പ്രവേശിച്ച എല്ലാവരേയും പ്രത്യേകമായി ഓർത്ത് നവംബർ 3-ന് ദിവ്യബലി അർപ്പിക്കുന്നതിനായി ടീം കൂടപുഴ നിത്യസഹായമാതാ പള്ളിയിൽ ഒത്തുചേരുന്നു.
2. **അവാർഡ് ടീം മീറ്റിംഗ് :** ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും നവംബർ മാസത്തിലെ പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് ആസൂത്രണം ചെയ്യുന്നതിനുമായി നവംബർ 3ന് ടീം ഒത്തുചേരുന്നു.

## II. Family Development Department

**1. Counselling : -വിവിധ മാനസിക** - കുടുംബ പ്രശ്നങ്ങളുമായി വരുന്നവർക്കും വിദ്യാർത്ഥികൾക്കും വിദഗ്ധരായ കൗൺസലർമാരുടെ സൗജന്യസേവനം അവാർഡിൽ ലഭ്യമാക്കുന്നു.

**2 Awareness Program :-** പുത്തൻചിറ ഗ്രാമപഞ്ചായത്തിലെ ആശാവർക്കേഴ്സിനുവേണ്ടി കൗൺസിലംഗിന്റെ പ്രാധാന്യം, ഗാർഹികാതിക്രമനിയമം എന്നീ വിഷയങ്ങളെക്കുറിച്ച് 26-ാം തിയ്യതി സെമിനാർ നടത്തുന്നു.

**3 Legal Advice :-** കുടുംബപ്രശ്നങ്ങളുമായി വലയുന്നവർക്ക് ലീഗൽ അഡ്വൈസറുടെ സൗജന്യ സേവനം തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ അവാർഡിൽ ലഭ്യമാക്കുന്നു.

## III. Research & Training Dept.

**1 Cellphone mechanic Course :-** തൃശ്ശൂർ നെടുപുഴ ഗവ. വനിത പോളി ടെക്നിക്ക് കോളേജിന്റെ സാങ്കേതിക സഹകരണത്തോടെ പരിയാരം പഞ്ചായത്തിൽവെച്ച് ത്രൈമാസ പരിശീലനപരിപാടി അവാർഡ് നടത്തുന്നു.

**2 Video Editing &Mobile mechine Course :-** നെടുപുഴ ഗവ. വനിത പോളി ടെക്നിക്ക് കോളേജിന്റെ സാങ്കേതിക സഹകരണത്തോടെ അവാർഡിൽവെച്ച് ഈ കോഴ്സുകൾ നടത്തപ്പെടുന്നു.

**3 Block Placement:-** ജയ് ഭാരത് കോളേജ് പെരുമ്പാവൂരിൽനിന്ന് 2 വിദ്യാർത്ഥികളും, സെന്റ് തോമസ് കോളേജ് തൃശൂരിൽനിന്ന് 2 വിദ്യാർത്ഥികളും, ഭാരത് മാതാ കോളേജ് തൃക്കാക്കരയിൽനിന്ന് 3 വിദ്യാർത്ഥികളും, കേരള കാർഷിക സർവ്വകലാശാലയിൽനിന്ന് 9 വിദ്യാർത്ഥികളും അവരുടെ പാഠ്യപരിശീലന പരിപാടികൾ അവാർഡിൽ നടത്തുന്നു.

## IV. Community Based Rehabilitation Prog.

1 **Annual General Body :-** അവാർഡിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന 4 **Sarga** -കൾ അവരുടെ വാർഷികം ആഘോഷിക്കുന്നു.

2 **Physio / Speech Therapy :-** തിങ്കൾ, ബുധൻ, ശനി ദിവസങ്ങളിൽ അവാർഡിൽ ഫിസിയോ തെറാപ്പിയും സ്പീച്ച് തെറാപ്പിയും നടത്തുന്നു.

## V. Community Based Organisation

1 **Society Day Celebration :-** അതിരപ്പിള്ളിപഞ്ചായത്തിലെ നവോദയ ഗ്രാമവികസന സൊസൈറ്റി അരൂർമുഴിയിൽവെച്ച് സൊസൈറ്റി ദിനവും ശിശുദിനവും നവംബർ 6–ന് ആഘോഷിക്കുന്നു.

2 **General Body :-** അതിരപ്പിള്ളിപഞ്ചായത്തിലെ സ്നേഹദീപം ഗ്രാമവികസന സൊസൈറ്റിയുടെ വാർഷിക പൊതുയോഗം നവംബർ 6–ന് പിള്ളപാറയിൽവെച്ച് നടത്തുന്നു.

3 **Annual Day Celebration :-** വരന്തരപ്പിള്ളിപഞ്ചായത്തിലെ 'Rain Drops' ചിൽഡ്രൻസ് ക്ലബിന്റെ വാർഷികവും ശിശുദിനാഘോഷവും നവംബർ 12– ന് ആഘോഷിക്കും.

4 **Children's Day Celebration :-** അതിരപ്പിള്ളി, പരിയാരം, മറ്റത്തൂർ, കോടശ്ശേരി, വരന്തരപ്പിള്ളി എന്നീ 5 ഗ്രാമപഞ്ചായത്തുകളിലെ ചിൽഡ്രൻസ് ക്ലബുകൾ ശിശുദിനം വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു.

5 **World T.V. Day Celebration :-** അതിരപ്പിള്ളിയിലെ 'Love Birds' ചിൽഡ്രൻസ് ക്ലബ് നവംബർ 20 ന് വാർഷികവും ദൂരദർശൻദിനവും സമുചിതമായി കൊണ്ടാടുന്നു.

## V. Agricultural Department

1 **കാർഷിക സെമിനാർ :-** കൊടകര – ആളൂർ ഗ്രാമപഞ്ചായത്തിലെ കർഷകർക്കായി അളഗപ്പ ത്യാഗരാജർ പോളിടെക്ക്നിക്ക് കോളേജിന്റെ സാങ്കേതിക സഹകരണത്തോടെ കാർഷിക സുസ്ഥിതിയും ഭക്ഷ്യസുരക്ഷയും എന്ന വിഷയത്തെക്കുറിച്ച് പഠനപരിശീലന പരിപാടികൾ പുലിപ്പാറക്കുന്ന് ആവേമരിയ TTI യിൽ വെച്ച് എല്ലാ വെള്ളിയാഴ്ചകളിലും നടത്തപ്പെടുന്നു.

2 **ഭക്ഷ്യസുരക്ഷാ ദിനാചരണം :-** പച്ചക്കറി അഭിവൃദ്ധിപ്പെടുത്തി സാമ്പത്തിക-ആരോഗ്യ-ഭക്ഷ്യസുസ്ഥിതി ഉറപ്പാക്കുന്നതിന്റെ ഭാഗമായി ശീതകാല കാർഷികവിള എന്ന വിഷയത്തെക്കുറിച്ച് വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജ് പ്രൊഫസർ സെമിനാർ നയിക്കുന്നു.

**ഫാ. ലിജുപോൾ പറമ്പത്ത്**
എക്സി. ഡയറക്ടർ.

## സ്പിരിച്ചാലിറ്റി സെന്റർ

1 **കുമ്പസാരം :** ഞായറാഴ്ച ഒഴികെ എല്ലാ ദിവസവും രാവിലെ 7 മുതൽ വൈകീട്ട് 5 വരെ കുമ്പസാരത്തിന് സൗകര്യം ഉണ്ടായിരിക്കും.

2. **കൗൺസലിങ്ങ് :** തിങ്കളാഴ്ച മുതൽ ശനിയാഴ്ച വരെ രാവിലെ 9 മുതൽ വൈകീട്ട് 5 വരെ കൗൺസലിംഗിന് സൗകര്യമുണ്ട്. മുൻകൂട്ടി വിളിച്ച് ബുക്ക് ചെയ്യാവുന്നതാണ്. ഫോൺ : 2821622

3 **ആരാധന :** തിങ്കളാഴ്ച മുതൽ ശനിയാഴ്ച വരെ രാവിലെ 8 മുതൽ വൈകീട്ട് 8 വരെ ആരാധനയ്ക്ക് എഴുന്നള്ളിച്ചുവച്ചിരിക്കും. നിശ്ശബ്ദ ആരാധനയാണ് നടത്തപ്പെടുക.

4. **നൊവേന :** എല്ലാ ചൊവ്വാഴ്ചകളിലും 8 മണിക്കുള്ള കുർബാനയോട് ചേർന്ന് വി. അന്തോണീസിനോടുള്ള ആഘോഷമായ നൊവേന ഉണ്ടായിരിക്കുന്നതാണ്.

5 **ദിവ്യകാരുണ്യ നൊവേന :** എല്ലാ വ്യാഴാഴ്ചകളിലും രാവിലെ 8 മണിക്ക് ആഘോഷമായ ദിവ്യബലി, വചനസന്ദേശം, ദിവ്യകാരുണ്യ നൊവേന, ആരാധന എന്നിവ നടത്തപ്പെടുന്നു.

6 **വചനപ്രഘോഷണവും ആന്തരിക സൗഖ്യ ആരാധനയും**

എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9 മുതൽ വൈകീട്ട് 3 വരെ പ്രസിദ്ധ വചനപ്രഘോഷകർ നയിക്കുന്ന വചനശുശ്രൂഷ, ദിവ്യബലി, കുമ്പസാരം, കൗൺസലിങ്ങ്, ആന്തരിക സൗഖ്യആരാധന, തൈലാഭിഷേക പ്രാർത്ഥന, ബന്ധനമോചനശുശ്രൂഷ എന്നിവ നടത്തപ്പെടുന്നു.

7 **വിധവാ കൺവെൻഷൻ :** നവംബർ 7-ാം തിയ്യതി തിങ്കളാഴ്ച രാവിലെ 10 മണി മുതൽ 4 മണി വരെ വിധവാ കൺവെൻഷൻ.

8 **ബി. പ്ലസ് കൂട്ടായ്മ :** മാസത്തിൽ ആദ്യ ചൊവ്വാഴ്ച രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 3 വരെ വൃദ്ധരുടെയും രോഗികളുടെയും കൂട്ടായ്മ, വചനസന്ദേശം, കുമ്പസാരം, കൗൺസലിങ്ങ്, അഭിഷേക ആരാധന എന്നിവ ഉണ്ടായിരിക്കും.

9 **എമ്മാനുവേൽ 2011 :** നവംബർ 11, 12, 13 എന്നീ തിയ്യതികളിൽ അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രം ഡയറക്ടർ ബഹു. സേവ്യാർഖാൻ വട്ടായിലച്ചൻ നയിക്കുന്ന എമ്മാനുവേൽ 2011 ബൈബിൾ കൺവെൻഷൻ

10 **സിസ്റ്റേഴ്സിന് മാസധ്യാനം :** നവംബർ 19 ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണി വരെ.

11 **മിശിഹായുടെ രാജത്വതിരുന്നാൾ :** 20-ാം തിയ്യതി ഞായറാഴ്ച

12 **പ്രേഷിത കൂട്ടായ്മ :** നവംബർ 24 വ്യാഴാഴ്ച ഉച്ചതിരിഞ്ഞ് 2.30 ന്

13 **അഖണ്ഡ ജപമാല :** നവംബർ 27 ഞായറാഴ്ച രാവിലെ 10 മണി മുതൽ 5 മണി വരെ.

**ഫാ. തോമസ് മേനാച്ചേരി**
വൈസ് റെക്ടർ

## നവചൈതന്യ

**നാളെകൾ**

| | | |
|---|---|---|
| നവംബർ 6. | | ആദ്യഞായർ കൂട്ടായ്മ, ഫോളോ അപ്പ് സെമിനാർ, NARF മീറ്റിംഗ് |
| ” | 9 | പ്രാർത്ഥനാദിനം - സ്റ്റാഫ് മീറ്റിംഗ് |
| ” | 12-19 | ലഹരിമോചന പരിശീലനക്യാമ്പ് |
| ” | 13 | ജാഗരണപ്രാർത്ഥന |
| ” | 14 | എഡിറ്റോറിയൽ & റിസോഴ്സ് ടീം മീറ്റിംഗ് |
| ” | 19 | ലീഡേഴ്സ് & ആനിമേറ്റേഴ്സ് മീറ്റിംഗ് |
| ” | 24 | ഔട്ട് റീച്ച് പ്രോഗ്രാം |
| ” | 25, 26 | സ്ത്രീകളുടെ ക്യാമ്പ് |
| ” | 28, 29, 30 | ഫീൽഡ് വിസിറ്റ് |

“ഒരു മദ്യപാനിയെ രക്ഷിക്കൂ, ഒരു കുടുംബത്തെ രക്ഷിക്കൂ.”

**ഫാ. ബെന്നി കരുമാലിക്കൽ**
ഡയറക്ടർ

## സ്മരണാഞ്ജലി

റവ. ഫാ. പോൾ വാലിക്കോടത്ത് 16-11-1993

റവ. ഫാ. ജിജോ വലിയവീട്ടിൽ 07-11-1996

റവ. ഫാ. തോമസ് വാഴപ്പിള്ളി 08-11-1998

# തിരുബാലസഖ്യം

ഒക്ടോബർ 5-ാം തിയ്യതി ഇരിങ്ങാലക്കുട ഡോൺബോസ്ക്കോ സ്ക്കൂളിൽവെച്ച് തിരുബാലസഖ്യം കലോത്സവം രാവിലെ 10 മണിക്ക് ആരംഭിച്ചു. ഫാ. ഷിബു നെല്ലിശ്ശേരി (ഡയറക്ടർ) എല്ലാവർക്കും സ്വാഗതം നൽകി. മുൻ തിരുബാലസഖ്യം ഡയറക്ടർ ഫാ. ജോസ് പുല്ലൂപറമ്പിൽ കലോത്സവം ഉദ്ഘാടനം ചെയ്തു. കുട്ടികളെ ഒരുക്കി കൊണ്ടുവന്ന എല്ലാ വികാരിയച്ചന്മാർക്കും, ആനിമേറ്റേഴ്സിനും പ്രധാനാദ്ധ്യാപകർക്കും മാതാപിതാക്കൾക്കും പ്രത്യേകം നന്ദി.

## കലോത്സവത്തിൽ സമ്മാനാർഹരായ യൂണിറ്റുകൾ

**ആക്ഷൻസോങ്**

I സെന്റ് ആന്റണി നേഴ്സറി, കോട്ടാറ്റ്
II സെന്റ് സെബാസ്റ്റ്യൻ നേഴ്സറി, കുററിക്കാട്
III സെന്റ് ജോസഫ് എസ്. എം, പഴൂക്കര,
III സേക്രഡ് ഹാർട്ട് ഇ. എം. നേഴ്സറി, ചാലക്കുടി

**ജൂനിയർ വിഭാഗം**

I S.H.C.G.L.P.S., Chalakudy
II St.Sebastian's L.P.S,. Kuttikad
III Assumption Church, Mupliyam

**സീനിയർ വിഭാഗം**

I S.H.C.G.L.P.S., Chalakudy
II L.F.L.P.S., Kumbidy
III Holy Cross. E.M., Kalparambu

**Total Point**

I S.H.C.G.L.P.S., Chalakudy
II Assumption Church, Mupliyam,
L.F.L.P.S., Kumbidy
III Holy Cross. E.M., Kalparambu,
St. Sebastian's L.P.S., Kuttikad

സമ്മാനാർഹരായ എല്ലാ യൂണിറ്റുകൾക്കും അഭിനന്ദനങ്ങൾ. സമ്മാന ദാന വിവരം പിന്നീട് അറിയിക്കുന്നതാണ്. കലോത്സവത്തിൽ സഹായിച്ച കോട്ടാറ്റ് ഇടവകയിലെ എല്ലാ യുവജനങ്ങൾക്കും പ്രത്യേകം നന്ദി.

**ഫാ. ഷിബു നെല്ലിശ്ശേരി**
ഡയറക്ടർ.

## കരിസ്മാറ്റിക് മൂവ്മെന്റ്

**മദ്ധ്യസ്ഥ പ്രാർത്ഥനദിനം**

രൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ ആഭിമുഖ്യത്തിൽ നവംബർ 7 തിങ്കളാഴ്ച മദ്ധ്യസ്ഥപ്രാർത്ഥനാദിനമായി ആചരിക്കുന്നു. രാവിലെ 10 മുതൽ 3 മണി വരെ നടക്കുന്ന ആത്മീയ ശുശ്രൂഷകളിൽ ഇടവകപ്രാർത്ഥന ഗ്രൂപ്പംഗങ്ങൾ പങ്കെടുക്കുമല്ലോ.

**ദമ്പതി സംഗമം**

കുടുംബ കൂട്ടായ്മാ വർഷാചരണത്തിന്റെ ഭാഗമായി 1000 ദമ്പതികൾക്കായി ഇരിങ്ങാലക്കുട സെന്റ് ജോസഫ് കോളേജ് ഓഡിറ്റോറിയത്തിൽ നവംബർ 20-ാം തിയ്യതി ഞായറാഴ്ച സംഘടിപ്പിക്കുന്ന ദമ്പതി സംഗമത്തിലേക്ക് എല്ലാ ദമ്പതികളേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ബേത്‌ലഹം - 2011**

8-ാമത് രൂപതാ ബൈബിൾ കൺവെൻഷൻ ഡിസംബർ 2,3,4 (വെള്ളി, ശനി, ഞായർ) തിയ്യതികളിൽ ആളൂർ B.L.M ധ്യാനകേന്ദ്രത്തിൽ സജ്ജമാക്കുന്നു. റവ.ഫാ.ഷാജൻ തേർമഠം & ടീം (മുൻ K.S.T ചെയർമാൻ) റവ. ഫാ. മാത്യു തടത്തിൽ V.C. & ടീം (പോട്ട ധ്യാന കേന്ദ്രം) എന്നിവർ കൺവെൻഷന് നേതൃത്വം നൽകുന്നു.

**ഫാ. ജോയ് തറക്കൽ**
ഡയറക്ടർ

## പാക്സ്

**പ്രീ - കാന :** ഒക്ടോബർ : 31, നവംബർ 1, 2;
നവംബർ 14, 15, 16
നവംബർ 28, 29, 30 തിയ്യതികളിൽ

**KRAMTH :** നവംബർ 5 - 26 (എല്ലാ ശനിയാഴ്ചകളിലും ക്ലാസ്സ്)

**കുടുംബകൂട്ടായ്മ** : നവംബർ 12 ശനി 2 മണി ജനറൽ ബോഡി മീറ്റിംഗ്

**തൃശൂർ അതിരൂപതാ പ്രോവിൻസിലെ Curial Officialsന്റെ മീറ്റിംഗ്:** നവംബർ 17

**ഹോളി ഫാമിലി സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷിക്കുന്നവർക്ക് ധ്യാനം :** നവംബർ 18-25

**ഫാ. പോളി പടയാട്ടി**
ഡയറക്ടർ

# ഫ്രാൻസിസ്കൻ അസോസിയേഷൻ

**സമാധാനം സൗഭാഗ്യം**

**കാനോനിക സാഹോദര്യ സന്ദർശനം**

അല്മായ ഫ്രാൻസിസ്ക്കൻ സഭ (SFO) യുടെ കാനോനിക സാഹോദര്യ സന്ദർശനം ഒക്ടോബർ, നവംബർ മാസങ്ങളിൽ മുൻ നിശ്ചയിച്ച തിയ്യതികളിൽ അതാത് ഭ്രാതൃത്വങ്ങളിൽ രൂപത SFO ഡയറക്ടറും രൂപതാ ഭാരവാഹികളും നടത്തുന്നു. വിവരം യൂണിറ്റ് ഡയറക്ടറെ യൂണിറ്റ് ഭാരവാഹികൾ അറിയിക്കണം.

**റീജിയൺ തിരുന്നാൾ**

1. ഇരിങ്ങാലക്കുട സെന്റ് തോമസ് റീജിയൺ വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുന്നാൾ നവംബർ 26-ാം തിയ്യതി ശനിയാഴ്ച കൊടകര സെന്റ് ജോസഫ് ഫൊറോന ദേവാലയത്തിൽ വെച്ച് നടത്തപ്പെടുന്നു. രാവിലെ 9 മുതൽ വൈകീട്ട് 4 മണി വരെ
2. ചാലക്കുടി സെന്റ് മേരീസ് റീജിയൺ വി. ഫ്രാൻസിസ് അസീസിയുടെ തിരുന്നാൾ നവംബർ 27-ാം തിയ്യതി ഞായറാഴ്ച മാള സെന്റ് സ്റ്റനിസ്ലാവോസ് ഫൊറോന ദേവാലയത്തിൽ വെച്ച് നടത്തപ്പെടുന്നു. സമയം രാവിലെ 9.30 മുതൽ വൈകീട്ട് 4 മണിവരെ.

**ഫാ. പീറ്റർ പഞ്ഞിക്കാരൻ OFM Cap.**
ഡയറക്ടർ

# അൾത്താര ബാലസംഘം

## Holy Night

ഇരിങ്ങാലക്കുട രൂപതയിലെ അൾത്താര സംഘടനയിലെ 10, 12 ക്ലാസ്സിലെ അംഗങ്ങൾക്കായി ദ്വിദിന ഒരുക്കധ്യാനം സംഘടിപ്പിക്കുന്നു. ഇരിങ്ങാലക്കുട സെന്റ് പോൾസ് മൈനർ സെമിനാരിയിൽ വെച്ച് ഡിസംബർ 26, 27 (തിങ്കൾ, ചൊവ്വ) തിയ്യതികളിൽ സംഘടിപ്പിച്ചിരിക്കുന്നു. 26-ന് തിങ്കളാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് 27-ന് വൈകീട്ട് 4 മണിക്ക് അവസാനിക്കുന്ന Holy Night പഠന, പ്രാർത്ഥനാപരീക്ഷാ ഒരുക്കധ്യാനത്തിൽ പങ്കുചേരാൻ ആഗ്രഹിക്കുന്നവർ വികാരിയച്ചന്റെ ശുപാർശയോടെ നേരത്തെ രൂപതാ ഡയറക്ടറെ അറിയിക്കേണ്ടതാണ്. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 200 പേർക്ക് മാത്രം പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.

**ഫാ. റിജോയ് പഴയാറ്റിൽ**
ഡയറക്ടർ

# വൊക്കേഷൻ ബ്യൂറോ

**ഏകദിനസെമിനാർ**

ബെനഡിക്ട് 16-ാമൻ മാർപ്പാപ്പ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു.

''മുഴുവൻ സഭയും അവളുടെ അജപാലകരെല്ലാം, ക്രിസ്തുവിനെപ്പോലെ, ആളുകളെ മരുഭൂമിയിൽനിന്ന് പുറത്തുകൊണ്ടുവരാൻ ഇറങ്ങിപുറപ്പെടണം. അവരെ ജീവന്റെ സ്ഥലത്തേക്ക് ദൈവപുത്രനുമായുള്ള സൗഹൃദത്തിലേക്ക്, നമുക്ക് ജീവൻ നൽകുന്നവനിലേക്ക് കൊണ്ടുവരുവാൻ പുറപ്പെടണം'' (2005 ഏപ്രിൽ 24, സ്ഥാനാരോഹണ ശുശ്രൂഷാമദ്ധ്യേ ചെയ്ത പ്രസംഗത്തിൽനിന്ന്).

ജീവന്റെ സ്ഥലത്തേയ്ക്ക്, ദൈവപുത്രനുമായുള്ള സൗഹൃദത്തിലേക്ക് അടുപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ക്രിസ്തുമസ് അവധിക്കാലത്ത് 8, 9 ക്ലാസ്സുകളിലെ ആൺകുട്ടികൾക്ക്, ദൈവവിളിയോട് ആഭിമുഖ്യം പുലർത്താൻ സഹായിക്കുന്ന, ഏകദിന സെമിനാറിലേക്ക് സ്വാഗതം.

സ്ഥലം : ഇരിങ്ങാലക്കുട സെന്റ് പോൾ സെമിനാരി

തിയ്യതി : 2011 ഡിസംബർ 23 വ്യാഴം

സമയം : 09.30 a.m - 04.00 p.m

**ഫാ. വർഗ്ഗീസ് പാലത്തിങ്കൽ**
വൊക്കേഷൻ പ്രൊമോട്ടർ

# സാൻജോസദൻ

**നവംബർ**

| | |
|---|---|
| 2. 11. 2011 | ചികിത്സയിലായിരിക്കുന്നവരുടെ ഭാര്യമാരുടെ മീറ്റിംഗ് |
| 4 . 11. 2011 | സ്റ്റാഫ് മീറ്റിംഗ് |
| 16. 11. 2011 | ചികിത്സയിലായിരിക്കുന്നവരുടെ ഭാര്യമാരുടെ മീറ്റിംഗ് |
| 18. 11. 2011 | പ്രാർത്ഥനാ ദിനം |
| 20. 11 .2011 | ഫോളോ അപ്പ് പ്രോഗ്രാം |
| 30. 11. 2011 | ചികിത്സയിലായിരിക്കുന്നവരുടെ ഭാര്യമാരുടെ മീറ്റിംഗ് |

**ഫാ. പോളി കണ്ണൂക്കാടൻ**
ഡയറക്ടർ

## ഇടയന്റെ നാളെകൾ

**നവംബർ 2011**

| | | |
|---|---|---|
| 01 | 06.30.am | കല്ലേറ്റുംകര PACS |
| | 09.00.am | സന്ദർശകദിനം |
| 02 | 07.30.am | കത്തീഡ്രൽ ഇരിങ്ങാലക്കുട |
| | 05.00.pm | വൈന്തല പള്ളി |
| 03 | | ഇരിങ്ങാലക്കുട |
| 04 | 06.15.am | കരാഞ്ചിറ കോൺവെന്റ് |
| 05 | 02.30.pm | ആലുവ |
| 06 | | ചെന്നൈ |
| 07 | | ചെന്നൈ |
| 08 | | സന്ദർശകദിനം |
| 09 | 12.00.am | കൊറ്റനല്ലൂർ |
| 10 | | കോട്ടയം |
| 11 | 09.30.am | ഇരിങ്ങാലക്കുട കത്തീഡ്രൽ |
| 12 | 06.30.am | അൽവേർണിയ, ഇരിങ്ങാലക്കുട |
| | 11.15.am | ചാലക്കുടി |
| | 12.15.pm | കൃപാഭവൻ, കൊറ്റനെല്ലൂർ |
| 13 | | ഇടയസന്ദർശനം മാരാംകോട് പള്ളി |
| 14 | 11.30.am | വല്ലക്കുന്ന് |
| | 05.00.pm | തെക്കൻ താണിശേരി |
| 15 | | സന്ദർശകദിനം |
| 16 | | മൈനർ സെമിനാരി, ഇരിങ്ങാലക്കുട |
| 17 | | ഇരിങ്ങാലക്കുട |
| 18 | 06.45.am | നവചൈതന്യ, ആളൂർ |
| | 05.00.pm | എറവ് |
| 19 | 09.00.am | പറപ്പൂക്കര |
| | 02.30.pm | മണ്ണുത്തി |
| | 05.30.pm | കാൽവരിക്കുന്ന്, ആളൂർ |
| 20 | 10.00.am | സെന്റ് ജോസഫ് കോളേജ്, ഇരിങ്ങാലക്കുട |
| | 05.00.pm | ഡിവൈൻ മുരിങ്ങൂർ |
| | 06.30.pm | സ്പിരിച്ചാലിറ്റി സെന്റർ, ഇരിങ്ങാലക്കുട |
| 21 | | സഹൃദയ കോളേജ് |
| 22 | | സന്ദർശകദിനം |

| | | |
|---|---|---|
| 23 | 10.00.am | തെക്കൻ താണിശേരി |
| 24 | 06.30.am | മൈനർ സെമിനാരി, ഇരിങ്ങാലക്കുട |
| | 10.30.am | സോഷ്യൽ ആക്ഷൻ, ഇരിങ്ങാലക്കുട |
| 25 | 07.00.am | കോട്ടാറ്റ് കോൺവെന്റ് |
| | 05.30.pm | പുത്തൻ പള്ളി, തൃശ്ശൂർ |
| 26 | 11.00.am | കാരൂർ |
| | 12.00.pm | കൊടകര |
| | 05.00.pm | തെക്കൻ താണിശേരി |
| 27 | | ഇടയസന്ദർശനം കൂഴൂർ പള്ളി |
| 28 | 09.45.am | ചാലക്കുടി |
| 29 | | സന്ദർശകദിനം |
| 30 | | ഇരിങ്ങാലക്കുട |

## ഇടയന്റെ ഇന്നലെകൾ

**ഒക്ടോബർ 2011**

| | | |
|---|---|---|
| 1 | 06.30 am | കാട്ടുങ്ങച്ചിറ ലിസ്യു കോൺവെന്റിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു. |
| | 10.00 am | ദേശീയ രക്തദാനദിനത്തിന്റെ ഭാഗമായി ഇരിങ്ങാലക്കുട സോഷ്യൽ ആക്ഷൻ ഫോറവും തൃശൂർ ജില്ലാ സന്നദ്ധ രക്തദാന സമിതിയും സംയുക്തമായി സംഘടിപ്പിച്ച രക്തദാന തീവ്രയജ്ഞം ഉദ്ഘാടനം ചെയ്തു. |
| | 11.00 am | ആളൂർ മാർതോമാ സെന്ററിന്റെ ഭരണസമിതി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 2.30 pm | ഇരിങ്ങാലക്കുട ലിറ്റിൽ ഫ്ളവർ കോൺവെന്റിൽ 40 മണിക്കൂർ ആരാധനയുടെ സമാപന ശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. |
| 2 | 8.00 am | കോട്ടയ്ക്കൽ പള്ളിയിൽ ഇടയസന്ദർശനം നടത്തി. |
| | 04.30 pm | മാള ഫൊറോന പള്ളിയോടനുബന്ധിച്ച് ബ്ലസ്സ് എ ഹോമിന്റെ ഓഫീസ് ഉദ്ഘാടനം ചെയ്തു. |
| | 6.00 pm | കുണ്ടൂർ ഇടവകയിൽ ഗാന്ധിജയന്തി ആഘോഷവും ശ്രീ. റബിൻ പൗലോസിന് സ്വീകരണവും സംയുക്തമായി സംഘടിപ്പിച്ചതിന്റെ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. |
| 3 | 10.00 am | ഇരിങ്ങാലക്കുട രൂപത CLA യുടെ സുരക്ഷ പദ്ധതിയുടെ ഉദ്ഘാടനം കല്ലേറ്റുംകര പാക്സിൽ നടത്തി. |
| | 11.00 am | ഇരിങ്ങാലക്കുട സോഷ്യൽ ആക്ഷന്റെ 'Wings' പരിശീലന പദ്ധതി ഉദ്ഘാടനം ചെയ്തു. |

| | | |
|---|---|---|
| | 2.00 pm | ചാലക്കുടി കാർമ്മൽ ഭവനിൽ റവ. ഫാ. പോൾ ആലേങ്ങാട്ടുകാരൻ CMIയുടെ ശവസംസ്ക്കാര ശുശ്രൂഷ യിൽ പങ്കെടുത്തു. |
| | 6.00 pm | ഇരിങ്ങാലക്കുട മൈനർ സെമിനാരിയിൽ മാർ ജെയിംസ് പഴയാറ്റിലിന്റെ സുവർണ്ണ ജൂബിലി സമാപന ദിനത്തിലെ ആഘോഷങ്ങളിൽ പങ്കെടുത്തു. |
| 4 | 06.30 am | ഇരിങ്ങാലക്കുട അൽവേർണിയ FCC കോൺവെന്റിൽ വി. ഫ്രാൻസിസ് അസീസിയുടെ തിരുനാളിന് വി. ബലി അർപ്പിച്ചു. |
| | 9.00 am | സന്ദർശകരെ സ്വീകരിച്ചു. |
| | 4.00 pm | വിവിധ മീറ്റിങ്ങുകളിൽ പങ്കെടുത്തു. |
| 5 | 10.30 am | തുറവൻകുന്ന് പള്ളിയിൽ ഒരു വിവാഹം ആശിർവ്വദിച്ചു. |
| | 07.30 pm | ആളൂർ ബി.എൽ.എം-ൽ ദമ്പതി ധ്യാനത്തിൽ വി. കുർബ്ബാന അർപ്പിച്ചു. |
| 6 | 06.30 am | കുഴിക്കാട്ടുശ്ശേരി പള്ളിയിൽ വി. കുർബ്ബാന അർപ്പിച്ചു. |
| | 10.00 am | രൂപതയിലെ വൈദിക സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 07.00 pm | ഇരിങ്ങാലക്കുട മൈനർ സെമിനാരിയിൽ വാർഷികധ്യാന സമാപനത്തിൽ സന്ദേശം നൽകി. |
| 7 | 9.00 am | സന്ദർശകരെ സ്വീകരിച്ചു.. |
| | 10.30 am | ചാലക്കുടി സെന്റ് ജെയിംസ് മെഡിക്കൽ അക്കാദമിയിൽ Pharm D കോഴ്സിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. |
| | 6.30 pm | മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വചനോത്സവം മാസികയുടെ രജതജൂബിലി ഉദ്ഘാടനം ചെയ്തു; വി. ബലി അർപ്പിച്ചു. |
| 8 | 09.30 am | കൊടകര സഹൃദയ എഞ്ചിനീയറിംഗ് കോളേജിൽ Convocation Day-യിൽ പങ്കെടുത്തു. |
| | 01.00 pm | കൊടകര ഫൊറോന ദേവാലയത്തിൽ ഫാ. ജോസഫ് മാടത്താനി SDB യുടെ സുവർണ്ണജൂബിലി അനുമോദന യോഗത്തിൽ പങ്കെടുത്തു. |
| | 02.30 pm | ഇഞ്ചക്കുണ്ട് പള്ളിയിൽ ഒരു മാമ്മോദീസ പരികർമ്മം ചെയ്തു. |
| 9 | 07.15 am | ഇരിങ്ങാലക്കുട കത്തീഡ്രൽ ഇടവകയിൽ ഫ്രാൻസിസ്ക്കൻ അല്മായ സഭയുടെ വാർഷികം ഉദ്ഘാടനം ചെയ്തു. |
| | 10.00 am | എരവത്തൂർ കുരിശുപള്ളിയിൽ ജപമാല തിരുനാളിനോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ച് സന്ദേശം നൽകി. |

| | | |
|---|---|---|
| | 05.00 pm | പേരാമ്പ്രപള്ളിയിൽ നവീകരിച്ച മദ്ബഹ പുനഃപ്രതിഷ്ഠിച്ചു; കപ്പേള വെഞ്ചരിച്ചു. |
| | 06.30 pm | ഇരിങ്ങാലക്കുട ഉദയപ്രൊവിൻഷ്യൽ ഹൗസിൽ പ്രൊവിൻസ് ഡേ പ്രമാണിച്ച് വി. കുർബ്ബാന അർപ്പിച്ചു |
| 10 | 06.30 am | ഇരിങ്ങാലക്കുട ലിറ്റിൽ ഫ്ളവർ കോൺവെന്റിൽ വി. കുർബ്ബാന അർപ്പിച്ചു |
| | 10.00 am | മോൺ. ജോസഫ് വിളങ്ങാടനച്ചന്റെ മൃതദേഹസംസ്ക്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗത്തിന് ചേറൂരിലുള്ള വസതിയിൽ നേതൃത്വം നൽകി. |
| | 12.30 pm | ആളൂർ ബി.എൽ.എം-ൽ വിധവാ സംഗമം ഉദ്ഘാടനം ചെയ്തു. |
| | 03.00 pm | മീറ്റിംഗിൽ പങ്കെടുത്തു. |
| 11 | 08.30 am | സന്ദർശകരെ സ്വീകരിച്ചു. |
| | 02.30 pm | കൂരിയ മീറ്റിങ്ങിൽ പങ്കെടുത്തു. |
| 12 | 06.30 am | ചെമ്മണ്ട പള്ളിയിൽ വി. കുർബ്ബാന അർപ്പിച്ചു. |
| | 02.30 pm | കൂരിയ മീറ്റിംഗിൽ പങ്കെടുത്തു |
| 13 | 09.30 am | കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ലിറ്റർജി കമ്മീഷന്റെ സെമിനാറിൽ പങ്കെടുത്തു. |
| | 04.30 pm | സഹൃദയ എഞ്ചിനീയറിംഗ് കോളേജിന്റെ ബോർഡ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| 14 | 06.45.am | ആളൂർ നവചൈതന്യയിൽ വി. കുർബ്ബാന അർപ്പിച്ചു. |
| | 09.30 am | ആളൂർ ബി.എൽ.എം. ധ്യാനകേന്ദ്രത്തിൽ യുവജനധ്യാനത്തിൽ പങ്കെടുക്കുന്നവർക്ക് സന്ദേശം നൽകി. |
| | 10.30.am | സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | വിവിധ മീറ്റിംഗുകളിൽ പങ്കെടുത്തു. |
| 15 | 10.00.am | കുഴിക്കാട്ടുശേരി ഇടവകയിൽ കൊമ്പൊടിഞ്ഞാമാക്കൽ ലയൺസ് ക്ലബ്ബിന്റെ ക്യാൻസർ ബോധവത്ക്കരണ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. |
| | 11.00.am | ചാലക്കുടി ഫൊറോന ദേവാലയത്തിൽ ഹോളി ഫാമിലി സന്യാസ സമൂഹത്തിന്റെ പാവനാത്മാ പ്രോവിൻസിലെ ബഹു. സിസ്റ്റേഴ്സിന്റെ പ്ലാറ്റിനം, സുവർണ്ണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ച് സന്ദേശം നൽകി. |
| | 06.00.pm | പുത്തൻചിറ ഫൊറോന ഇടവകയിലെ പിണ്ടാണി പ്രദേശത്തുള്ള കുരിശുപള്ളിയിൽ വി. കുർബ്ബാന അർപ്പിച്ചു പൊതുയോഗം ഉദ്ഘാടനം ചെയ്തു. |

| | | |
|---|---|---|
| 16 | 08.00.am | കോർമല കർമ്മല മാതാ ഇടവകയിൽ ഇടയ സന്ദർശനം നടത്തി. |
| | 02.30.pm | കാട്ടൂരിൽ വാഴ്ത്തപ്പെട്ട ഏവുപ്രാസ്യമ്മയുടെ പുതുക്കി പണിത ജന്മഗൃഹം വെഞ്ചരിച്ചു; ജനനതിരുനാളിന് വി. കുർബ്ബാന അർപ്പിച്ചു സന്ദേശം നൽകി. |
| | 06.30.pm | ഇരിങ്ങാലക്കുട ഡോൺബോസ്ക്കോ മതബോധന യൂണിറ്റിലെ പ്രധാനാധ്യാപകൻ ചെറിയാൻ മാഷിന്റെ മരണത്തോടനുബന്ധിച്ച് ഭവനം സന്ദർശിച്ചു; ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 07.00.pm | കല്ലേറ്റുംകര PACS-ൽ റവ. സി ഡാലിയ CSS-ന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു. |
| 17 | 10.30.am | താമരശേരിയിൽ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. |
| 18 | 06.30.am | ഇരിങ്ങാലക്കുട അൽവേർണിയ കോൺവെന്റിൽ വി. ബലി അർപ്പിച്ചു. |
| | 09.00.am | സന്ദർശകരെ സ്വീകരിച്ചു. |
| | 02.30.pm | കരാഞ്ചിറ ഹോസ്പിറ്റലിൽ പുതിയ കെട്ടിടം വെഞ്ചരിച്ചു |
| | 04.30.pm | രൂപതാഭവനത്തിൽ കൊടുങ്ങല്ലൂർ റിസർച്ച് അക്കാദമി ഫോർ മാർ തോമ ഹെറിറ്റേജിന്റെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| 19 | 02.00.pm | മാള സെന്റ് ആന്റണീസ് ഹൈസ്ക്കൂളിൽ A.J. സാനി മാസ്റ്റർക്ക് അഭിനന്ദനങ്ങൾ നൽകുന്നതിന് സംഘടിപ്പിച്ച അനുമോദനയോഗം ഉദ്ഘാടനം ചെയ്തു. |
| 20 | 10.00.am | ഇരിങ്ങാലക്കുട ഫൊറോന മാസധ്യാനത്തിൽ പങ്കെ ടുത്തു. |
| | 02.30.pm | ആലുവയിൽ ഡൊറോത്തിയൻ സിസ്റ്റേഴ്സിന്റെ പ്രഥമ വ്രതവാഗ്ദാന തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 06.30.pm | പരിയാരം CSR-ൽ CMI വൈദികരുടെയും സന്യാസിനികളുടെയും സമ്മേളനത്തിൽ സന്ദേശം നൽകി. |
| 21 | 11.00.am | ബ്ലസ്സ് എ ഹോം പദ്ധതിയുടെ എക്സിക്യൂട്ടിവ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 05.30.pm | ആലുവ എട്ടേക്കർ തീർത്ഥാടനകേന്ദ്രത്തിൽ വി. യൂദാ തദേവൂസിന്റെ തിരുന്നാളിന് വി. കുർബ്ബാന അർപ്പിച്ചു. |
| 22 | 10.30.am | ആലുവ ജീവോദയ പ്രൊവിൻഷ്യൽ ഹൗസിൽ ഹോളിഫാമിലി സന്യാസിനികളുടെ സുവർണ്ണജൂബിലി ആഘോഷങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |

| | | |
|---|---|---|
| | 5.30.pm | കുഴിക്കാട്ടുശേരി പള്ളിയിൽ മരിയൻജ്യോതി പ്രയാണത്തിന്റെ സമാപനത്തിൽ വി. ബലി അർപ്പിച്ചു. |
| 23 | 12.05.pm | കുഴിക്കാട്ടുശേരിയിൽ ഒരു വിവാഹം ആശീർവ്വദിച്ചു. |
| | 01.00.pm | കൊടകരയിൽ ഒരു വിവാഹത്തിൽ പങ്കെടുത്തു. |
| | 03.00.pm | കരുവന്നൂർ സെന്റ് ജോസഫ് കോൺവന്റിലെ 40 മണിക്കൂർ ആരാധനയുടെ സമാപനത്തിൽ വി. കുർബ്ബാന അർപ്പിച്ച് സന്ദേശം നൽകി. |
| | 05.00.pm | ഒല്ലൂർ ഫൊറോന ദേവാലയത്തിൽ മാലാഖയുടെ തിരുനാളിന് കൂടുതുറക്കൽ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. |
| 24 | 11.00.am | ചാലക്കുടിയിൽ ഒരു വിവാഹം ആശീർവ്വദിച്ചു. |
| | 06.00.pm | ആനന്ദപുരം സെന്റ് മേരീസ് ഇടവകയിൽ വി. കുർബാന അർപ്പിച്ചു. |
| 25 | 06.30.am | കല്ലേറ്റുംകര പാക്സിൽ വി. കുർബ്ബാന അർപ്പിച്ചു. |
| | 09.00.am | സന്ദർശകരെ സ്വീകരിച്ചു. |
| | 03.00.pm | വിവിധ മീറ്റിംഗുകളിൽ പങ്കെടുത്തു. |
| 26 | 07.15.am | ചാലക്കുടി ഫൊറോന ദേവാലയത്തിൽ ഫാ. ജെയിംസ് പറോക്കാരന്റെ 1-ാം മരണവാർഷികത്തിന് വി. കുർബ്ബാന അർപ്പിച്ചു. |
| | 05.30.pm | പടിഞ്ഞാറേ കല്ലൂർ ഇടവക ദേവാലയത്തിൽ മദ്ബഹ വെഞ്ചരിച്ചു. |
| 27 | 10.00.am | വിവിധ മീറ്റിങ്ങുകളിൽ പങ്കെടുത്തു |
| | 06.30.pm | മൈനർ സെമിനാരിയിൽ ബ്രദേഴ്സുമായി കൂടിക്കാഴ്ച നടത്തി. |
| 28 | 09.00.am | സന്ദർശകരെ സ്വീകരിച്ചു. |
| | 10.30.am | രൂപതാഭവനത്തിൽ ഫൊറോന വികാരിമാരുടെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| 29 | 09.30.am | വല്ലം ഫൊറോന ദേവാലയത്തിൽ വി. അമ്മത്രേസ്യയുടെ തിരുനാളിന് വി. ബലി അർപ്പിച്ചു. വിദ്യാരംഭം നടത്തി. |
| | 04.00.pm | കനകമല പള്ളിയിൽ കൊന്തമാതാവിന്റെ തിരുനാളിന് വി. കുർബ്ബാന അർപ്പിച്ചു. വി. തോമാശ്ലീഹായുടെ തിരുശേഷിപ്പ് പ്രതിഷ്ഠിച്ചു. |
| 30 | 06.45.am | തേശ്ശേരി പള്ളിയിൽ വി. ബലി അർപ്പിച്ചു. |
| | 04.45.pm | പെരുമ്പടപ്പ് പള്ളിയിൽ കൊന്ത സമാപനത്തിന് സന്ദേശം നൽകി. |
| | 05.30.pm | കയ്പമംഗലം പള്ളിയിൽ കൊന്ത സമാപനത്തിന് വി. ബലിയർപ്പിച്ച് സന്ദേശം നൽകി. |